### അധ്യായം 1

# ആമുഖം

പത്തൊമ്പതാം നൂറ്റാണ്ടിൽ നടന്ന സാമൂഹിക പരിവർത്തനം കേരളത്തിൽ മാത്രം  മല്ല മാറ്റം  കൊണ്ടുവന്നത്. സാമൂഹികവും സാംസ്കാരികവുമായ വലിയ മാറ്റത്തിന് ഒരു മഹത്തായ തുടക്കം കൂടെ ആയിരുന്നു അത്. ബ്രിട്ടീഷ്ക്കാരുടെ അധിനിവേശം, ഇന്ത്യയിലുടനീളം കൊണ്ടുവന്ന സാമൂഹിക പരിഷകരണങ്ങൾ, കേരളവും അതിൽ  നിന്നും ഒട്ടും തന്നെ മാറ്റി നിറുത്തപ്പെട്ടിട്ടില്ല.[1] അച്ചടി മാധ്യമങ്ങളുടെ വളർച്ചയും, വിദ്യാഭ്യാസവും, സാമൂഹിക പരിഷകരണ പ്രസ്ഥാനങ്ങളുടെ രൂപീകരണവും കേരള സമൂഹത്തിൽ കൊണ്ട് വന്ന മാറ്റം ബാഹ്യപാളികളിൽ  മാത്രം ഒതുങ്ങുന്ന ഒന്ന് ആയിരുന്നില്ല.

ആധുനിക വിദ്യാഭ്യാസത്തോടൊപ്പം അച്ചടി കൂടെ വന്നപ്പോൾ അതിദൃതമായ പരിവർത്തനമാണ് നാട്ടിൽ നടന്നത്. അച്ചടിയും വിദ്യാഭ്യാസവും ഇടതു കയ്യും വലതു കയ്യും പോലെ പരസ്പരപൂരകമയാണ് പ്രവർത്തിച്ചത്. അത് ഈ നാട്ടിൽ കട്ടപ്പിടിച്ചു നിന്നിരുന്ന അജ്ഞതയുടെ അന്ധകാരത്തെ പിളർക്കുന്ന വജ്രായുധങ്ങളായിരുന്നു. “ ഈ രാജ്യത്തെ അന്ധകാരം മറ്റുവാനുള്ള ശക്തമായ ഒരു യന്ത്രമാണ് ” എന്ന് അച്ചുകൂടത്തെ പറ്റി ഹെൻറി ബേക്കർ സീനിയർ പറഞ്ഞു.[2]

---

[1] കെ. എൻ ഗണേഷ്, കൾചർ ആൻഡ് മോഡേൺറ്റി, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്, 2004, പുറം44

[2] സാമുവൽ നെല്ലിമുകൾ, കേരളത്തിലെ സാമൂഹിക പരിവർത്തനം, കോട്ടയം, 2003, പുറം.139.

അച്ചടി പ്രസ്ഥാങ്ങൾ വഴി, സാഹിത്യവും സമൂഹവും, ചരിത്രവും ഇഴചേരപെട്ടു. ഇത് ഒരു വലിയ തുടക്കം ആയിരുന്നു. പതിയെ, സാഹിത്യം ചരിത്രത്തെയും, വർത്തമാന കാലത്തെയും ഭവിക്കുവേണ്ടി അടയാളപ്പെടുത്തി തുടങ്ങി. ഒരു തരത്തിൽ സമൂഹത്തിന്റെ നേരിയ ചലനം പോലും സാഹിത്യത്തിൽ അടയാളപ്പെട്ടു തുടങ്ങി. പത്തൊമ്പത് ഇരുപതു നൂറ്റാണ്ടുകളിൽ നടന്ന പരിഷ്കാരങ്ങൾ ആ സമൂഹത്തിലെ നാനാ ജാതി മതസ്ഥരെയും ആഴത്തിൽ ബാധിച്ചു. കലഹരണപെട്ട ആചാരങ്ങളും അന്ചാരങ്ങളും ഓരോ വിഭാഗങ്ങളിൽ നിന്നും അവരുടെ ഇടയിലെ തന്നെ പുരോഗമന ചിന്താഗതിക്കാർ മാറ്റത്തിലേക്കു നയിച്ചു. എന്നിരുന്നാലും, ആധുനികതയെ വെറും 'പരിഷ്കാരം' ആയി കണ്ടവർ ചെറുതല്ലാരുന്നു. മേധാവിത്വ ജാതികളിലെ ഇളമുറക്കാർ, അഭ്യസ്തവിധ്യർ, ആധുനികതെയെ കാംഷിച്ചപ്പോൾ മുതിർന്നവർ പാരമ്പര്യത്തെയും സംസ്കാരത്തെയും മുറുകെ പിടിച്ചു.

ചാലനാത്മക സമൂഹത്തിന്റെ വളർച്ച വളരെ വേഗത്തിൽ ആയിരുന്നു. ജാതിമേധാവിത്വത്തിനു മങ്ങലേൽകുകയും വിദ്യാഭ്യാസത്തിനും, ബുദ്ധിശക്തിക്കും, പരിഷ്കാരത്തിനും തിളക്കം വർധിക്കുകയും ചെയ്തുകൊണ്ടേയിരുന്നു.[3] മരുമക്കാത്തായം പോലുള്ള സമ്പ്രദായങ്ങൾ ബ്രിട്ടിഷ് ഭരണാധികാരികൾ നിയമപരമായി അവസാനിപ്പിച്ചു, എങ്കിലും അതിന്റെ അവശേഷിപ്പുകൾ മിക്ക തറവാട്ടകളിലും കാണപ്പെട്ടു. സവർണ്ണ സ്ത്രീകൾ വിദ്യാഭ്യാസത്തിൽ നിന്നും നവീകരണങ്ങളിൽ നിന്നും ആദ്യമൊക്കെ പൂർണമായും മാറ്റി നിറുത്തപ്പെട്ടു. നല്ല മകളായി അമ്മയായി അമ്മമ്മയായി അവളെ

[3] സാമൂവൽ നെല്ലിമുകൾ,Op. cit., പുറങ്ങൾ,408- 409

തറവാടിന്റെ അകത്തളങ്ങളിൽ തളച്ചിട്ടു.[4] അവളെ പുരുഷ നിർമിത ചുവരുകളാൽ സമൂഹത്തിൽ നിന്നും അകറ്റി. അവളുടെ ജീവിതം സമൂഹ മധ്യത്തിൽ നിന്നും അന്യമായി മാറ്റപ്പെട്ടു. ഇത്തരം ജീവിതങ്ങളെ സാഹിത്യം കണ്ടെത്താൻ ശ്രമിച്ചു. ജനങ്ങളുടെ ഇടയിലേക്ക് അവരെയും എത്തിക്കാൻ സാഹിത്യ സൃഷ്ടികൾ ശ്രമിച്ചു. അവരുടെ അവകാശങ്ങളും അവസ്ഥയും സമൂഹ മധ്യത്തിൽ ചർച്ചചെയ്യപ്പെട്ടു. പല നിയമങ്ങളും നിയന്ത്രണങ്ങളും സാമുദായ നവീകരണത്തിനായി രൂപീക്കപ്പെട്ടു. ചരിത്രം ഓരോ പരിഷ്കാരങ്ങളെയും മുന്നേട്ടങ്ങൾ ആയും നിയമങ്ങൾ ആയും മാറ്റങ്ങൾ ആയും മാത്രം കണ്ടപ്പോൾ, സാഹിത്യം അതിന്റെ വൈകാരിക തലങ്ങൾ ചർച്ച ചെയ്തു.

തകഴി ശിവശങ്കര പിള്ള, എം. മുകുന്ദൻ, ഓ. വി വിജയൻ, എം. ടി വാസുദേവൻ നായർ, സി. രാധാകൃഷ്ണൻ തുടങ്ങി മലയാള സാഹിത്യത്തിൽ പത്തൊമ്പത് ഇരുപതു നൂറ്റാണ്ടു കാലഘട്ടത്തിൽ സമൂഹ പരിഷ്കാരണങ്ങളെ ഉയർത്തി പിടിച്ച എഴുത്തുകാർ ഒരുപാട് ആയിരുന്നു. നാടിനെ പിടിച്ചു കുലുക്കുന്ന നവോഥാന മുന്നേറ്റങ്ങളെ ജനങ്ങളിൽ എത്തിക്കാൻ അവർ വലിയ പങ്കു വഹിച്ചു. നിശ്ചലമായിരുന്ന സമൂഹത്തെ കൊടുങ്കാറ്റോളം ശക്തമായി തീർക്കാൻ ഓരോ സാഹിത്യ കൃതിക്കും സാധിച്ചു.

എസ് എൻ ഡി പി, നായർ സർവീസ് സൊസൈറ്റി, ഉണ്ണി നമ്പൂതിരി, തുടങ്ങി മാറ്റങ്ങൾക്കുവേണ്ടി ഓരോ ജാതിയും സംസാരിച്ചത് ഓരോ മാധ്യമം വഴി ആയിരുന്നു. എല്ലാവരുടെയും

---

[4] മൂത്തേടത്തു മായാദേവി, വുമൺ ആൻഡ് മാര്യേജ് ഇൻ മരുമക്കത്തായം, 2015, പുറം.5

ലക്ഷ്യം ഒന്ന് തന്നെ, തിരഞ്ഞെടുത്ത വഴിയകളിൽ മാത്രം വ്യത്യസ്തത. ആധുനികതക്ക് വേണ്ടി ഉള്ള അല്ലെങ്കിൽ അതിലുപരി മാറ്റത്തിലേക്കുള്ള ഈ യാത്രയുടെ ആഹ്വാനം എഴുത്തുകാരൻ അവന്റെ രചനയിലൂടെ ഉയർത്തി. സാഹിത്യത്തിന് സമൂഹത്തിൽ തീർക്കാൻ സാധിക്കുന്ന ഒരു അനക്കം ചെറുതല്ല.

ഈ സാമൂഹിക പരിഷ്കരണങ്ങളിൽ നായർ സമുദായത്തിന്റെ മാറ്റം ഒരു പുതിയ ലോകത്തിലേക്കുള്ള വാതിൽ ആണ് അവരുടെ ജനതയ്ക്ക് തുറന്നു കൊടുത്തത്. ഒട്ടും തന്നെ മാറ്റത്തിന്റ വെളിച്ചം തട്ടാതെ ഇരുളടഞ്ഞ തറവാടുകളിൽ അവരുടേതായ ലോകത്തു ജീവിച്ച അവർക്കു നവോഥാനം പകർന്നു കൊടുത്തത് പുതിയ ജീവ വായു ആയിരുന്നു. അവരുടെ പരിഷകാരങ്ങൾക്കു ചുവടു പിടിച്ചു മുന്നേ നടന്നത് അവരുടെ ഇടയിലെ തന്നെ എഴുത്തുകാർ ആയിരുന്നു.

## ലക്ഷ്യങ്ങൾ

- ആധുനികതയും പാരമ്പര്യവും തമ്മിലുള്ള സമരസപ്പെടൽ കണ്ടെത്തുക.
- മരുമക്കത്തായത്തിലെ സ്ത്രീ സങ്കല്പവും യഥാർഥ്യവും തിരിച്ചറിയുക.
- തറവാടിനുള്ളിലെ പുരുഷാധികാര കേന്ദ്രീകരണത്തെ മനസിലാക്കുക.
- മാതൃദായക ക്രമത്തെ, പിതൃദായക ക്രമത്തിന്റെ മറ്റൊരു മുഖം ആയി തിരിച്ചറിയുക

# ഗ്രന്ഥ പരിചയം

നീന കിഷോർ അവരുടെ "സോഷ്യോ കൾച്ചുറൽ അസ്പെക്ടസ് ഓഫ് കേരള  ആസ് പോർട്ടറായിഡ് ഇൻ എം. ടി വാസുദേവൻ നായർ നാലുകെട്ട് : ദി ഹൌസ് അറൌണ്ട് ദി കോർട്യർഡ്" എന്ന പ്രബന്ധത്തിൽ എം. ടി വാസുദേവൻ നായർ അദ്ദേഹത്തിന്റെ കൃതി ആയ നാലുകെട്ടിൽ അന്നത്തെ സാമൂഹികാവും സംസ്കാരികവുമായ മാറ്റത്തെ എങ്ങനെ വരച്ചു കാണിച്ചു എന്ന് പഠിക്കുന്നു.

ഷാനി ആർ എസ് എന്ന ഒരു വിദ്യാർഥി "എം. ടി വാസുദേവൻ നായർ നാലുകെട്ട് :എ ന്യൂ ഹിസ്റ്ററിസിസ് റീഡിങ്" എന്ന് പഠനത്തിൽ നാലുകെട്ട് എന്ന കൃതിയുടെ ന്യൂ ഹിസ്റ്ററിസിസ്റ് സ്വഭാവത്തെ കണ്ടെത്തുന്നു.

തരിഖ അരുണിന്റെ "നാലുകെട്ട് :ദി ഹൌസ് അറൌണ്ട് ദി കോർട്യർഡ്" എന്നാ പഠനത്തിൽ നാലുകെട്ട് എന്നാ നോവലിനെയും നാലുകെട്ടു എന്നാ നാലുച്ചുവരുകൾ ചേർന്ന കെട്ടിടത്തേയും തമ്മിൽ ബന്ധിപ്പിച്ചു പഠിക്കാൻ ശ്രെമിക്കുന്നു.

Dr. ഡിഗ്വിജയ് പന്ധ്യയും ദേവിശ്രിയും ചേർന്ന് തയാറാക്കിയ പഠനമാണ് "സോഷ്യോ കൾച്ചുറൽ ട്രാൻസ്ഫോർമേഷൻ : എ സ്റ്റഡി ഓൺ ടൈം ബൈ എം. ടി വാസുദേവൻ നായർ"എന്നത്. ഈ പഠനം വഴി അവർ എം. ടി വാസുദേവൻ നായരുടെ കൃതികളിലെ സാമൂഹിക പരിവർത്തന കഴിവ് തുറന്നു കാണിക്കുന്നു.

## പഠനത്തിന്റെ പ്രസക്തി

ചരിത്രത്തിന്റെ ചായം ചേരാതെ ഒരു സാഹിത്യവും പൂർണമാകാറില്ല. എല്ലാ സാഹിത്യങ്ങളും അന്ന് അന്നത്തെ സമൂഹത്തിന്റെ ഒരു നിശ്ചല ചിത്രികരണം കൂടെ ആണ്. പത്തൊമ്പത്തു ഇരുപതു കാലഘട്ടത്തിലെ സാഹിത്യ രചനകളിൽ അന്നത്തെ സാമൂഹിക പരിഷ്ക്കരണങ്ങളും, നവോഥാന പ്രവർത്തങ്ങളും, ജാതി മുന്നേറ്റങ്ങളും ഭാവനയുടെ പുറം മോഡിയോട് കൂടെ ചിത്രീകരിക്കുന്നു.അത് കൊണ്ട് തന്നെ ചരിത്ര പഠനത്തിൽ സാഹിത്യത്തിന് ഒരു പ്രത്യേക പങ്കു തന്നെ ഉണ്ട്. എം. ടി വാസുദേവൻ നായരുടെ എല്ലാ നോവലു കളിലും അദ്ദേഹത്തിന്റെ ജാതി പരിഷ്ക്കാരങ്ങൾക്കും, മാറ്റങ്ങൾക്കും ഒരു വലിയ സ്ഥാനം കൊടുക്കാറുണ്ട്. നാലുകെട്ട് എന്ന അദേഹത്തിന്റെ നോവൽ ഇതിൽ നിന്നും ഒട്ടും വ്യത്യസ്ഥമല്ല, അദേഹത്തിന്റെ തൂലിക എപ്പോഴും അദേഹത്തിന്റെ തന്നെ ജാതിയിലെ കാലഹരണപ്പെട്ട ചില അനാചാരങ്ങൾക്കു എതിരെ ഉള്ള ഉറച്ച അമ്പുകൾ ആയിരുന്നു. അദ്ദേഹത്തിന്റെ തൂലിക സാമൂഹിക മാറ്റങ്ങളെ എത്ര മാത്രം ഒപ്പിയെടുത്തു എന്നത് ചരിത്രത്തിൽ വളരെ സഹായകമാണ്. സാഹിത്യ കൃതികളിലെ ഈ സാമൂഹിക മാറ്റങ്ങളുടെ പ്രതിഫലനത്തെ മനസിലാക്കുക എന്നത് ചരിത്രത്തെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷികമാണ്.

## രീതിശാസ്ത്രം

വിശകലനത്തിൽ ഊന്നിയുള്ള ഒരു ചരിത്ര പഠനമാണിത്. സാമൂഹിക പരിഷ്ക്കാരങ്ങൾ സാഹിത്യ കൃതിയിൽ എങ്ങനെ

പ്രതിബലിക്കുന്നു എന്ന് ഈ പഠനം പരിശോധിക്കുന്നു. ചരിത്രത്തിൽ നിയമങ്ങൾ ആയും അതുവഴി വന്ന മാറ്റങ്ങൾ ആയും മാത്രം രേഖപെടുത്തിയ പരിഷ്ക്കാരങ്ങളെ സാഹിത്യത്തിൽ അതിന്റെ വൈകാരികതയോടെ വിവരിക്കുന്നത് ഇതിൽ വ്യക്തമാക്കുന്നു.ഈ പഠനത്തിനായി കൂടുതലും ദ്വിദ്വിയ ഉറവിടങ്ങളായ ഗ്രന്ഥങ്ങളെ ആണ് ഉപയോഗിച്ചിരിക്കുന്നത്.

## പഠന പദ്ധതി

ഈ ഗവേഷണ പ്രബന്ധത്തെ അഞ്ച് അദ്ധ്യായങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാമത്തെ അദ്ധ്യായം ആമുഖമാണ്. സാമൂഹത്തിൽ നടക്കുന്ന പരിവർത്തനങ്ങളും പരിഷകാരങ്ങളും സാഹിത്യകൃതികളിൽ പ്രതിഭലിക്കുന്നതിനെയും, ആദ്യ കാലഘട്ടങ്ങളിൽ സവർണ സ്ത്രീകൾ ഈ നവീകരണങ്ങളിൽ നിന്നും പരിഷ്ക്കാരങ്ങളിൽ നിന്നും മാറ്റിനിറുത്തപ്പെട്ടത്തിനെയും ഈ അദ്ധ്യായം വിശദമാക്കുന്നു.

രണ്ടാമത്തെ അദ്ധ്യായത്തിൽ നായർ സമുദായത്തെ കുറിച്ചും അവരുടെ ഇടയിലേക്കുള്ള ആധുനികതയുടെ കടന്നു വരവിനെയും വിശദമാക്കുന്നു.

മൂന്നാമത്തെ അദ്ധ്യായം സാഹിത്യ രചനയിൽ ആധുനികതയും നായർ സമുദായവും എങ്ങനെ പ്രതിഭലിക്കുന്നു എന്ന് പഠിക്കുന്നു.

നാലാമത്തെ അദ്ധ്യായം നായർ സമുദായത്തിലെ സ്ത്രീ സങ്കല്പവും, യഥാർത്ഥ്യവും നാലുകെട്ടിൽ എങ്ങനെ വിശദീകരിക്കുന്നു എന്നത് പഠിക്കുന്നു.

അഞ്ചാമത്തെ അദ്ധ്യായം ഉപസംഹാരമാണ്. നായർ സാമുദായത്തിൽ മരുമക്കത്തായം സ്ത്രീ കേന്ദ്രീകൃത സമ്പ്രദായം ആണെന്ന് പറയപ്പെടുമ്പോഴും യാഥാർത്ഥ്യത്തിൽ അധികാരകേന്ദ്രീകരണം പുരുഷന്മാരിലേക്കു മാറ്റപ്പെടുന്നു എന്ന നിഗമനത്തിൽ എത്തി ചേരുന്നു.

## അധ്യായം-2

# നായർ സമുദായവും ആധുനികതയുടെ കടന്നു വരവും

## പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളീയ സമൂഹം

കേരള സമൂഹത്തിലെ സാമൂഹികപരമായും സാമ്പത്തിക പരവുമായ മാറ്റങ്ങൾക്ക് പത്തൊമ്പതാം നൂറ്റാണ്ട് സാക്ഷിയായി. ജാതി പരവും സാംസ്കാരിക പരവുമായ അനാചാരങ്ങൾ തിരുത്തലുകൾക്ക് വിധേയമായി. അയിത്തവും തൊട്ടുകൂടായ്മയും സമൂഹത്തിൽ നിന്നും തുടച്ചു മാറ്റപ്പെട്ടു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പശ്ചാത്യവിദ്യാഭ്യാസം നേടിയ ആളുകൾ നായർക്കും സുറിയാനിക്കും വേണ്ടി സംസാരിക്കാൻ അവകാശപ്പെട്ടപ്പോൾ, നിജസ്ഥിതി ചോദ്യം ചെയ്യാവുന്ന കനേഷുമാരിക്കണക്കുകളിൽ നിന്ന് അവർ അവരുടെ വിപുലമായ മണ്ഡലങ്ങൾ സൃഷ്ടിക്കുകയായിരുന്നു. അതാത് സമുദായത്തിന്റെ വക്താകളെന്ന നിലയിൽ സംസാരിക്കാനുള്ള അവരുടെ അവകാശം നിഷേധിക്കപ്പെടാം: എന്നാൽ അവർ പ്രതിനിധാനം ചെയ്യുന്നു എന്ന് അവകാശപ്പെടുന്ന സമുദായത്തിന് മലയാളികൾ ദീർഘകാലമായി അംഗീകരിക്കുന്ന ഒരു യഥാർഥ്യമുണ്ടായിരുന്നു. [1] മലയാള ബ്രഹ്മണർ, മലയാളേതര ബ്രഹ്മണർ, നായന്മാർ, സുറിയാനി

[1] റോബിൻ ജെഫറി, നായർ മേധാവിത്വത്തിന്റെ പതനം, കോട്ടയം, 1979, പുറങ്ങൾ.38-45.

ക്രിസ്ത്യാനികൾ, മുസ്ലിങ്ങൾ തുടങ്ങിയ സവർണ സമൂഹം വിദ്യാഭ്യാസവും സർക്കാർ ജോലിയും മുൻനിറുത്തി സമുദായങ്ങളുടെ നവീകരണത്തിന് ശ്രമിച്ചു. ഈഴവർ, ചന്നന്മാർ, അടിമ ജാതിക്കാർ തുടങ്ങിയ അവർണ സമൂഹത്തെ ത്വരിതഗതിയിലുള്ള സാമൂഹ്യമാറ്റങ്ങൾ അല്പം മാത്രമേ സ്പർശിച്ചു എന്നത് അവരുടെ പദവി അത്ര ആധമമായിരുന്നു എന്ന് തെളിയിക്കുന്നു.[2] ആധുനികതയും ആധുനികതയുടെ വക്താവായ വിദ്യാഭ്യാസവും അത്രകണ്ട് എത്തിപ്പെടാത്ത ഒരു വിഭാഗമായിരുന്നു സ്ത്രീകൾ. ആചാരങ്ങളും പരമ്പര്യവും നാലുചുവരുകൾക്കുള്ളിൽ അവരെ ബന്ധിക്കുകയായിരുന്നു. സവർണ സ്ത്രീകൾ ഒരുപക്ഷെ അകത്തമ്മയായി തറവാട്ടുളിലും ഇല്ലങ്ങളിലും വാഴിക്കപ്പെട്ടു. അവരെ പലപ്പോഴും പുറം ലോകം ശ്രദ്ധിക്കപ്പെടാതെ പോയി എന്നതാണ് യഥാർദ്ധ്യം.

## നായർ സ്ത്രീകൾ

പലപ്പോഴും സമൂഹം ശ്രദ്ധിക്കപ്പെടാതെ പോയ അല്ലെങ്കിൽ മനഃപൂർവം ശ്രദ്ധിക്കാത്ത ഒരു വിഭാഗം സ്ത്രീകൾ ആയിരുന്നു നായർ സ്ത്രീകൾ. കാരണം മറ്റൊന്നുമല്ല അവരുടെ ജീവിതം സുരക്ഷിതമാണെന്നും, അവർ സന്തോഷത്തിൽ ആണെന്നും സമൂഹം ഉറച്ചു വിശ്വസിച്ചു. താറാവ്ടുകളുടെ അകത്തളങ്ങളിൽ തളം കെട്ടി നിന്നിരുന്ന അടിച്ചമർത്തലുകളുടെയും, പുരുഷ മേധാവിത്വത്തിന്റെയും

---

[2] Ibid. പുറം.50.

സ്വരം അധികമാരും ശ്രദ്ധിച്ചില്ല.[3] നായർ സമുദായത്തിന്റെ അടിത്തറ തന്നെ സ്ത്രീയിലാണ് കെട്ടിപ്പൊക്കിയിരിക്കുന്നത്. സംബന്ധം, മരുമക്കത്തായം തുടങ്ങി സ്ത്രീ കേന്ദ്രികൃത പാരമ്പര്യമാണ് നായർ സമുദായത്തെ സമൂഹത്തിന്റെ മേൽത്തട്ടിലേക്കു എത്തിച്ചത് എന്ന് തന്നെ പറയാം.

എങ്കിലും ഇഷ്ടപ്പെട്ട ഒരു പുരുഷനെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം പോലും നായർ സ്ത്രീകൾക്ക് നിഷേധിക്കപ്പെട്ടിരുന്നു. പക്വതയിലെത്തുന്നതിനു മുൻപ് തന്നെ കരണവന്മാരുടെ താല്പര്യ പ്രകാരം ആരെയെങ്കിലും വിവാഹം കഴിക്കേണ്ടി വന്നു.[4] ഇങ്ങനെ എല്ലാ കാര്യങ്ങളിലും പുരുഷന്മാർ അവരെ ഭരിച്ചു, അവർക്കു വേണ്ടി തീരുമാനങ്ങൾ എടുത്തു. പക്ഷെ ഇത്തരം കാര്യങ്ങളൊക്കെ തന്നെ പുറം ലോകത്തിന്റെ അറിവിന് പുറത്തായിരുന്നു.

## നായർ സമുദായം

അയിത്ത ജാതിക്കാരുടെ മുന്നേറ്റവും സുറിയാനി ക്രിസ്ത്യാനികളുടെ പുരോഗതിയും നായർ സമുദായത്തിന്റെ കണ്ണ് തുറപ്പിച്ചു.[5] പുതിയ വിഭവങ്ങളുടെ കൂടെപ്പിറപ്പുകളായ സാമ്പത്തികസമർദ്ദങ്ങളും മാറുന്ന മൂല്യങ്ങളും കർശന നിയമസമ്പ്രദായവും നയന്മാരുടെ മരുമക്കാത്തയ കൂട്ടുകുടുംബത്തെ

---

[3] പി. ഭാസ്കരനുണ്ണി, കേരളം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, കോട്ടയം, 2005, പുറം.310.
[4] Ibid.
[5] സാമുവൽ നെല്ലിമുകൾ, കേരളത്തിലെ സാമൂഹിക പരിവർത്തനം, കോട്ടയം,, പുറം.434

ഗുരുതരമായി ദുർബലപെടുത്തുകയും അതിന്റെ ശിഥിലീകരണത്തെ ത്വരിതപെടുത്തുകയും ചെയ്തു. മരുമക്കാത്തയ കൂട്ടുകുടുംബങ്ങൾക്ക് അയവു സംഭവിച്ചതോടെ നയന്മാർക്ക് ഭൂമിയുടെ മേലുണ്ടായ പിടിയും വിട്ടുതുടങ്ങി.[6]

നമ്പൂതിരിമാർ കഴിഞ്ഞാൽ ജനസമൂഹത്തിൽ പ്രമാണികൾ നയന്മാരായിരുന്നു.[7] ഉയർന്ന ജാതിക്കാർ പിന്തുടർന്ന പോന്ന ആചാരങ്ങളും അനിഷ്ടനങ്ങളും ഇവരുടെ ഇടയിലും കാണപ്പെട്ടിരുന്നു. അവരുടെ ക്രിയകളും ആചാരങ്ങളും ക്ഷത്രിയരുടെതുപോലെ ആയിരുന്നു. ക്ഷത്രിയരെ പോലെ അവരും വിവാഹം കഴിക്കാറില്ല. കുട്ടികൾ മാതാവിന്റെ കുടുംബത്തിൽ മുതൽ അവകാശികളാണ്. കീഴ്ജാതിക്കാർ മരിച്ചാൽ അവരുടെ ശവം കുഴിച്ചിടുകയേ ഉള്ളൂ. മേൽജാതിക്കാരുടെ ശവം ദഹിപ്പിക്കും. ഈ വിഷയത്തിലും നയന്മാർ മേൽജാതിക്കാരുടെ നടവടി അനുസരിക്കുന്നു. ജാതകർമം, നാമകരണം മുതലായ ക്രിയകളും ക്ഷത്രിയർക്കുള്ളതുപോലെ തന്നെയാണ്. [8] നായർ സമുദായത്തിൽ താലികെട്ട് കല്യാണം, തിരണ്ടികുളി, മരുമക്കാത്തായം പോലെ ഉള്ള ചില അനാചാരങ്ങളും നിലനിന്നിരുന്നു. 1847-ൽ തിരുവിതാംകുറിൽ എല്ലാ നയന്മാർക്കും പൊതുവായ ചില ആചാരങ്ങളുമുണ്ടായിരുന്നു. ഉദാഹരണത്തിനു എല്ലാവരും തലയുടെ മുൻവശത്ത് കുടുമ ധരിച്ചിരുന്നു :തമിഴരുടെ കുടുമ പുറകിലാരുന്നു. നയന്മാർ കുടയും തോൾവസ്ത്രവും (ഉത്തരിയവും) ധരിച്ചിരുന്നു. ഏറ്റവും പ്രധാനം തറവാടിനെ ആശ്രയിച്ച്

[6] റോബിൻ ജെഫിറി, Op. cit.,പുറം 2
[7] പി. ഭാസ്കരനുണ്ണി, Op. cit., പുറം.95
[8]Ibid.,പുറങ്ങൾ.95-96

എല്ലാ നായന്മാരും മരുമക്കത്തായം എന്ന മാതൃദായം പിന്തുടർന്നിരുന്നു എന്നതാണ്. തറവാട് ആയിരുന്നു കൂട്ടുകുടുംബം [9] . ഒരൊറ്റ വീട്ടിൽ ചിലപ്പോൾ മൂന്നോ നാലോ തലമുറയിൽപ്പെട്ട ഒരുനൂറാളുകൾ ഉണ്ടെന്നുവരും.

## തറവാട്

മാതൃദയകക്രമത്തിലധിഷ്ഠിതമായ പഴയ, നായർ ഗൃഹത്തെയാണ് 'നായർ തറവാട്' എന്ന് ചരിത്രകാരന്മാർ വ്യാപദേശിക്കുന്നത്. [10] തറവാടുകളിൽ ജനിക്കുക എന്നതുകൊണ്ട് അഭിവൃധിയും, സ്ഥാനവും, അധികാരവും, പദവിയും എന്ന് കൂടെ അർദ്ധമാക്കുന്നു. തറവാടുകളിൽ കാരണവർ ഉയർന്ന സ്ഥാനം വഹിക്കുന്നു. മരുമക്കാത്തയാക്രമത്തിലാണ് ഓരോ തറവാടും നിലകൊള്ളുന്നത്. കാരണവൻ ആ തറവാട്ടിലെ ഏറ്റവും പ്രായംചെന്ന വ്യക്തിയാണ്. നായർ നിയമവും മലബാർ വിവാഹ നിയമവും തറവാടിനെ കുറെയധികം സ്വത്തും സമ്പാദ്യവും കൈവശംവയ്ക്കുന്ന ഒരു സമൂഹമടങ്ങുന്ന കൂട്ടുകുടുംബമായി നിർവചിക്കുന്നു.[11]

തറവാട്, ഒരു വലിയ പ്രദേശത്താൽ ചുറ്റപ്പെട്ട ദീർഘചതുരാകൃതിയിൽ നിർമിച്ച നാലുചുവരുകളോട് കൂടിയ ഒരു ഭവനം ആണ്. സംരക്ഷണത്തിന് വേണ്ടിയായിരുന്നു തറവാടിന്റെ യഥാർത്ഥ നിർമിതി. അതിനു ചുറ്റും മതിലുകൾ ഉള്ള ഒരുദ്യാനം

---

[9] റോബിൻ ജെഫിറി, Op. Cit.,പുറം.41
[10] ഡോ. നെല്ലിമുകൾ മുരളീധരൻ, കേരള ജാതി വിവരണം, ചെങ്ങന്നൂർ, പുറം.233
[11] ഡോ. എസ് ശ്രീദേവി, മരുമക്കത്തായം സിസ്റ്റം, IJRAR, മാർച്ച് 2018,vol. 5 ഇഷ്യൂ 1, പുറം 682

ഉണ്ടായിരുന്നു. നടുമുറ്റത്തിനു ചുറ്റും ദീർഘചതുരകൃതിയിലായിരുന്നു അത് നിർമിച്ചിരുന്നത്. [12] ഓരോ സ്ത്രീക്കും അവളുടെ സ്വന്തം മുറി ഉണ്ടായിരുക്കും. മിക്ക നായർതറവാട്ടുകൾക്കും സ്വത്തുണ്ടായിരുന്നു. ഒരു യഥാർഥ നായർ തറവാട്ടിൽ ഒരു സ്ത്രീയും, അവരുടെ മക്കളും, മക്കളുടെ മക്കളും, മകളുടെ മക്കളുടെ മക്കളും, അവരുടെ ജേഷ്ഠനുജന്മാരുമായിരുന്നു വർത്തിച്ചു പോന്നിരുന്നത്. ആ സ്ത്രീയുടെ ആങ്ങളമാർ വഴി അവരുടെ അനന്ത്രവർക്കായിരുന്നു സ്വത്തുക്കൾ കൈമാറ്റം ചെയ്യപ്പെട്ടിരുന്നത്. എന്നിരുന്നാലും ജീവിക്കുന്ന അത്ര കാലത്തോളം മൂത്ത ജേഷ്ഠൻ സ്വത്തുകളും തറവാടും അടക്കിഭരിക്കുന്നു.

തറവാട്ടിലെ എല്ലാ അംഗങ്ങൾക്കും ഭക്ഷണം പാകം ചെയ്യുന്നതിന് ഒരു അടുക്കള ഉണ്ടായിരുന്നു. ആദ്യം പുരുഷനും രണ്ടാമത് കുട്ടികൾക്കും എല്ലാവരും കഴിച്ചതിനു ശേഷം മാത്രം സ്ത്രീകളും ഭക്ഷണം കഴിച്ചിരുന്നത്. സ്വത്തുള്ള തറവാട്ടളിൽ ഒന്നിലധികം ജോലിക്കാരുണ്ടാവും, സാധരണയായി നായർ സമുദായത്തിൽ പെട്ടതോ അല്ലെങ്കിൽ നായർ സമുദായത്തിന്റെ തന്നെ ഉയർന്ന ഉപജാതിയിൽ പെട്ടതോ ആയ പുരുഷന്മാരായിരിക്കും. സ്വത്തില്ലാത്ത തറവാടുകളിൽ പോലും ഒരു സേവകരെങ്കിലും ഉണ്ടാവും.[13]

1880-കളോടുകൂടി, തറവാടിന്റെ പേരിൽ രണ്ടു ചേരികൾ രൂപപ്പെട്ടു എന്ന് പറയാം, തറവാട്ടിലെ തന്നെ ഇളം കൂറ് കാരും, തറവാടിന് വേണ്ടി രാപകൽ പണിയെടുക്കാൻ തിരഞ്ഞെടുക്കപ്പെട്ട തറവാട്ടിലെ

---

[12] റോബിൻ ജഫ്റി,Op. cit., പുറങ്ങൾ 41-42
[13] ജോൺ പി മെൻചേർ, നായർസ് ഓഫ് സൗത്ത് മലബാർ, കോൺവെൽ യൂണിവേഴ്സിറ്റി,പുറങ്ങൾ 169-170

അധികാര പരിധിക്കു പുറത്തു നില്ക്കുന്നവരും.[14] അന്നത്തെ കാലത്തെ, സാഹിത്യ സമൂഹം 'കാരണവന്മാരുടെ കാലം' എന്ന് വിളിച്ചു. തറവാടിന്റെ ശ്രദ്ധേയമായ പ്രത്യേകത, എല്ലാ അംഗങ്ങളും പ്രധാനമായും ഒരു സ്ത്രീയിൽ നിന്നും രൂപപ്പെടുന്നു എന്നതും, അധികാരത്തിൽ വരുന്നു എന്നതും ആണ്.[15]

തറവാട്ടിലെ എല്ലാ സ്വത്തുകളും നോക്കിനടത്തുന്നതും നിലനിറുത്തുന്നതും തറവാട്ടിലെ കാരണവന്മാരുടെ ഉത്തരവാദിത്തം ആയിരുന്നു. തറവാടിന്റെ സ്വത്ത് നിലനിറുത്തുക എന്നല്ലാതെ അതിന്റെ ഒരു ഭാഗം ചോദിക്കാൻ ഒരു അംഗത്തിനും അധികാരമില്ലായിരുന്നു. എല്ലാ തറവാടിനും തായ്‌വാരികൾ(ഉപസംഘം) ഉള്ളതായി കാണക്കാക്കപെടുന്നു. നായർ സമുദായത്തിന്റെ വിവാഹ സംബ്രദായത്തെ ചുറ്റിപറ്റിയാണ് എല്ലാ തറവാട്ടുകളും രൂപപ്പെട്ടതെന്നുപറയാം.

## വിവാഹവും സംബന്ധവും

പരമ്പതാഗതമായി നായർ സമുദായത്തിൽ രണ്ടുതരം വിവാഹചാരങ്ങൾ ഉള്ളതായി പറയാം, താലികെട്ടുകല്യാണവും, സംബന്ധവും. എല്ലാ പെൺകുട്ടികൾക്കും ഋതുമതിയാവുന്നതിനുമുൻപ് താലികെട്ടുകല്യാണത്തിനു വിധേയയാകണം എന്നതായിരുന്നു അവരുടെ ആചാരം. ഒരുപക്ഷെ അവൾക്ക് അതിനു സാധിക്കാതെവന്നാൽ

---

[14] അരുണിമ ജി., "ദൈർ കമ്സ് പാപ",ഹൈദരാബാദ്,പുറം19
[15] Ibid., 26

കുടുംബത്തിൽ നിന്നും സമുദായത്തിൽ നിന്നും ഭ്രഷ്ട് കല്പിച്ചു പുറത്താക്കും.[16]

ഒരു ഗ്രാമത്തിലെയോ അടുത്തുള്ള രണ്ടു ഗ്രാമങ്ങളിലോയുള്ള നയന്മാർ ആറുമുതൽ പത്തുവംശങ്ങൾവരെയുള്ളവർ ഒരു അയൽക്കൂട്ടമായി തിരിയും. ഓരോ പരമ്പരയും ആചാരാനുഷ്ഠങ്ങൾ വഴി പരമ്പതാഗതമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ബന്ധിത പരമ്പരകളെ എണങ്ങൻ എന്ന് വിളിക്കുന്നു. ഓരോ പത്തോ പന്ത്രണ്ടോ വർഷത്തിലൊരിക്കൽ ഓരോ വംശപരമ്പരയും താലികെട്ടുകല്യാണം എന്നാ മഹത്തായ ചടങ്ങ് നടത്തുന്നു. പക്വതയിലെത്തുന്നതിനുമുൻപ് തന്നെ പെൺകുട്ടികളെ, അവരുടെ എണങ്ങൻ വംശപരമ്പരയിലെ തന്നെ പുരുഷന്മാർ ആചാരപരമായി വിവാഹം കഴിക്കുന്നു.[17]

തിരണ്ടുകല്യാണവും, താലികെട്ടുകല്യാണവും അതുപോലെ തന്നെ സംബന്ധവും നായർ സമുദായത്തിലെ സ്ത്രീയെമാത്രമല്ല ആ സമുദായത്തെതന്നെയാണ് രൂപപ്പെടുത്തുന്നത്. [18] തിരണ്ടുകല്യാണവും അതുപോലെ തന്നെ താലികെട്ടുകല്യാണവും ഋതുമതിയാകുമ്പോൾ ആഘോഷിക്കുന്ന ചടങ്ങുകളാണ്.[19] ഈ രണ്ടു ചടങ്ങുകളും തറവാടിന്റെ പ്രവ്ഡിയെ സമൂഹത്തിൽ ഉയർത്തികാണിക്കുന്നു. പെൺകുട്ടിയുടെ വളർച്ചയുടെ വ്യത്യസ്ത തലങ്ങളെ രണ്ടു ആചാരങ്ങളും അടയാളപ്പെടുത്തുന്നു.

---

[16] ജോൺ പി മെൻചേർ, Op. cit.,പുറങ്ങൾ 170-173
[17] മൂത്തേടത്തു മായാദേവി., വുമൺ ആൻഡ് മാര്യേജ് ഇൻ മരുമക്കാതെയം, vol. 4(10), പുറം 2
[18] ജി അരുണിമ, Op. cit.,പുറം 21
[19] Ibid., പുറം 19

ഒരു സ്ത്രീക്ക് ഒന്നിലധികം ഭർത്താക്കന്മാരുമായി ബന്ധം പുലർത്താൻ നായർ സമുദായത്തിൽ അവകാശം ഉണ്ടായിരുന്നു. ഇവരുടെ ഇടയിലെ ബഹുഭാര്യത്വത്തെ കുറിച്ച് അദ്യം അഭിപ്രായപ്പെട്ടത് യൂറോപ്പിയൻസ് ആണെന്ന് കരുതപ്പെടുന്നു. എങ്കിലും എത്ര ഭർത്താക്കന്മാരെ വരെ ആവാം എന്നത് ഇന്നും അവ്യക്തമാണ്[20]. എല്ലാ നായർ സ്ത്രീക്കും തന്നിലും ഉയർന്ന ഏതു ജാതിയിൽപ്പെട്ട പുരുഷനുമായി ബന്ധം പുലർത്തുന്നതിലും ഒരു തടസവും ഉണ്ടായിരുന്നില്ല. ഇങ്ങനെ തറവാട്ടിലെ സ്ത്രീക്കുണ്ടാവുന്ന ബന്ധം ആഹ് തറവാടിന്റെ മഹിമയുയർത്തുന്നു.[21]

മരുമക്കത്തായത്തോട് ഇഴച്ചേർന്നു കിടക്കുന്ന ആചാരമാണ് സംബന്ധം. ഭാര്യയോടും കുട്ടികളോടും ഒരുവിധത്തിലുള്ള ഉത്തരവാദിത്തമോ നിയമപരമായ ബാധ്യതകളോയില്ലാത്ത അയഞ്ഞ രൂപത്തിലുള്ള വിവാഹത്തെയാണ് സംബന്ധം എന്ന് വിളിക്കുന്നത്.[22] സംബന്ധത്തിലേർപ്പെടുന്ന സ്ത്രീക്ക് ഒരിക്കലും അവളുടെ ഭർത്താവിന്റെ ഇല്ലത്തിലേക്കു പോവുക സാധ്യമല്ല.[23] പെണ്ണിന്റെ കാരണവനുമായി ഒരാൾ ആലോചിക്കുന്നു, പെണ്ണിന്റെ സമ്മതം വാങ്ങുന്നു. അവൾക്കു ഒരു പുടവ കൊടുക്കുന്നു. ഇതാണ് സംബന്ധം.[24] തേക്കാൻ എണ്ണ തുടങ്ങിയ ചില ആഡംബരവസ്തുക്കൾ നൽകുകയും പേറ്റുചിലവ് വഹിക്കുകയും അവർ ചെയ്തിരുന്നു[25]. പതിയെ സാഹചര്യവും

---

20 ജോൺ പി മെൻചേർ,Op. cit., പുറം. 173
21 Ibid., പുറം 174
22 മൂത്തേടത്തു മായാദേവി,Op. cit., പുറങ്ങൾ 32-33
23 പി ഭാസ്കരനുണ്ണി, Op. cit., പുറം. 209
24 റോബിൻ ജെഫിറി, Op. cit.,പുറം. 42
25 Ibid.

കാലഘട്ടവും മാറിതുടങ്ങി 1933 -ൽ മരുമക്കാത്തയ നിയമം പ്രാബല്യത്തിൽ വന്നു. പ്രധാനമായും മൂന്നുലക്ഷ്യങ്ങൾ ആയിരുന്നു ഇതിൽ ഉണ്ടായിരുന്നത്. ഒന്ന് സംബന്ധം നിയമവിധേയമാക്കുക, രണ്ട് ദത്തെടുക്കാനുള്ള അവകാശം കുടുംബങ്ങൾക്കു നൽകുക, മൂന്ന് ഭാഗം ചോദിക്കാനുള്ള അവകാശം ശാഖകളെ അനുവദിക്കൽ. [26] മാറുന്ന സാഹചര്യത്തിലും മാറ്റത്തിന്റെ വെളിച്ചത്തിലും, പുത്തൻ തലമുറയ്ക്ക് തങ്ങൾ പിന്തുടർന്നു പോന്നിരുന്ന ആചാരങ്ങളുടെ അത്ര നല്ലതല്ലാതെ മുഖം തിരിച്ചറിയാൻ സാധിച്ചു. സമുദായത്തിന്റെ പുറത്തു സമൂഹത്തിന്റെ മധ്യത്തിൽ സംബന്ധവും സംബന്ധത്തിൽ ജനിച്ച കുട്ടിക്ക് ലഭിക്കുന്ന നാണക്കേടിന്റെ പൊള്ളൽ അവർ അറിഞ്ഞു. മാറ്റത്തിന്റെ പാതയിലേക്ക് സമുദായാത്തെ നയിച്ചേ മതിയാവു എന്നവർ തിരിച്ചറിഞ്ഞു.

## മരുമക്കാത്തയസമ്പ്രദായം

മാതൃദായം ഒരുപക്ഷെ ഇന്ത്യക്ക് അപരിചിതമാണെങ്കിൽകൂടി കേരളത്തിന് അത് വളരെ പരിചിതമായ ഒഴിച്ചുകൂടാനാവാത്ത ഒരു സമ്പ്രദായം ആയിരുന്നു. മക്കത്തായക്കാർ പിതാവുവഴിയായും മരുമക്കാത്തയാക്കാർ മാതാവ് വഴിയായും ആണ് കുടുംബത്തെ ഗണിച്ചുവരുന്നത്.[27] നമ്മുക്കറിയാവുന്നതുപോലെ കൂടുതൽ ഭൂമിയും അവരുടേതായിരുന്നു. അവരുടെ ഭൂമി സൂക്ഷിക്കുവാൻ

---

[26] അരുണിമ ജി., മാട്രിലിനി ആൻഡ് ഇട്ട്സ് ഡിസ്ക്കോണ്ടെന്റ്സ്, ഇന്ത്യ ഇന്റർനാഷ്ണൽ സെന്റർ ക്വാട്ടേർളി, vol. 22.no2/3, 1995 പുറം.163

[27] പി ഭാസ്കരനുണ്ണി, Op. cit.,പുറം.194

വേണ്ടിയുള്ളതാണ് മരുമക്കാത്തയാരീതിയിലുള്ള അനന്തരാവകാശം. [28] മരുമക്കാത്തയാക്രമത്തിൽ അമ്മാവനും അനന്ത്രവനും തമ്മിലുള്ള വിശേഷപ്പെട്ട ബന്ധമാണ് ഇതിന്റെ സവിശേഷത. എല്ലാ കുടുംബങ്ങളിലും കാരണവതിക്ക് ഒരു പ്രത്യേക സ്ഥാനം ഉണ്ടായിരുന്നു: കൂടാതെ തീരുമാനങ്ങൾ എടുക്കുന്നത് പുരുഷന്മാരുടെ ലിംഗപരമായ അധികാരത്തേക്കാൾ അത് തലമുറയുടെ പദവിയായിരുന്നു.[29]

ബ്രിട്ടീഷ്ക്കാരുടെ വിശകലനത്തിൽ കാരണവർക്ക് മരുമക്കാത്തയാ സമ്പ്രദായത്തിലുള്ള സ്ഥാനം സ്വത്തും സമ്പാദ്യവും നോക്കിനടത്തുകയെന്നതായിരുന്നു. [30] സ്വത്തിനവകാശികളായസ്ത്രീകൾ മേൽനോട്ടത്തിനായി ഒരു പുരുഷനെ അന്വേഷിക്കുന്നതിൽ അവർക്കു വളരെ ആശ്ചര്യം തോന്നുകയുണ്ടായി.[31] തറവാടിന്റെ അകത്തളങ്ങളിൽ ബന്ധങ്ങൾ തീരുമാനിച്ച രണ്ടു ഘടകങ്ങൾ ലിംഗവും പ്രായവുമായിരുന്നു. സ്ത്രീകൾ പൊതുവെ അവരുടെ വ്യക്തിത്വം രൂപപ്പെടുത്തിയിരുന്നത് അച്ഛനെകാലുപരി അമ്മാവനെ ആശ്രയിച്ചായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭഘട്ടത്തിൽ തറവാടിനെതിരെയും മാതൃദായകക്രമത്തിനെതിരെയും ശബ്ദങ്ങൾ ഉയർന്നു തുടങ്ങി. [32] വളർന്നു വരുന്ന സമൂഹത്തിൽ നായർ സമുദായം അപഹാസ്യരായി തുടങ്ങിയപ്പോൾ, എല്ലാ ആചാരങ്ങളിലും മാറ്റങ്ങൾ വരുത്തണമെന്നും, ഒഴിവാക്കപ്പെടേണ്ടവ ഒഴിവാക്കണം എന്നും അവർ

---

[28] റോബിൻ ജെഫിറി,Op. cit., പുറം. 51
[29] ജി അരുണിമ, Op. cit.,പുറങ്ങൾ. 82-83
[30] മൂത്തേടത് മായാദേവി, Op. cit.,പുറം. 33
[31] Ibid.
[32] Feminismindia.com/26/4/21

തിരിച്ചറിഞ്ഞു. 1910-ൽ ചങ്ങനാശ്ശേരി പെരുന്ന കിഴക്കും ഭാഗം കരയിലെ നയന്മാർ ചേർന്ന് ഒരു നായർ സമാജം ആരംഭിച്ചു. മന്നത്തുപദ്മനാഭൻ പിള്ള ആയിരുന്നു സെക്രട്ടറി. 1914-ൽ നായർ സമാജത്തിന്റെ പേര് നായർ സർവീസ് സൊസെറ്റി എന്നാക്കി. സമുദായത്തിൽ പററിപിടിച്ച ചില മാമുലുകൾ പുരോഗതിക്കു തടസമായിരുന്നതിനാൽ അവ ഉപേക്ഷിക്കുന്നതിന് ഒരു ആത്മപരിശോധനക്കും സ്വയം വിമർശനത്തിനും അംഗങ്ങളെ അദ്ദേഹം പ്രേരിപ്പിച്ചു.[33] തന്റെ അച്ഛന്റെ സ്വത്തിൽ അല്പം കൂടെ അവകാശം ഇല്ലാത്തതു പുതിയ തലമുറയെ വല്ലാതെ വിഷമത്തിലാക്കി. ബ്രിട്ടീഷുകാരുടെ ഭരണകാലത്തിന്റെ അവസാനഘട്ടത്തിൽ എല്ലാം മാറ്റത്തിന്റെ വഴിയിലെത്തിയപ്പോൾ, സംബന്ധം മരുമക്കത്തായം പോലെയുള്ളവയും നിയമത്തിന്റെ സഹായത്തോടെ നിയന്ത്രണവിധേയമാക്കി. 1933-ൽ മദ്രാസ് ഹൈകോടതി മരുമക്കാത്തയസമ്പ്രതായം നിയപരമായി നിരോധിച്ചു അതുപോലെ തന്നെ സംബന്ധം നിയമവിധേയമാക്കുകയും ചെയ്തു.[34] ഒരു പുതിയ യുഗത്തിലേക്കുള്ള ആദ്യ ചുവടുവയ്പ്പായിരുന്നു ആ നിയമം. എങ്കിലും ഇതിനുശേഷവും മിക്ക നായർ തറവാട്ടുകളും പരസ്യമായും അല്ലാതെയും മരുമക്കത്തായം പിന്തുടർന്ന് പൊന്നുവെന്നു തന്നെ പറയാം.

എന്തുതന്നെയാണെങ്കിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആവസാനം മുതലേ അല്ലെങ്കിൽ ഇരുപതാം നൂറ്റാണ്ടിന്റെ പ്രരംഭത്തിൽ തന്നെയും, സ്വത്തിന്റെ പേരിൽ കുടുംബംങ്ങളിൽ പ്രശ്നങ്ങൾ രൂപപ്പെട്ടുതുടങ്ങി. തറവാട്ടുസ്വത്ത ഭാഗിക്കുന്നതിനുള്ള

[33] സാമുവൽ നെല്ലിമുകൾ, Op. cit.,പുറങ്ങൾ.434-435
[34] ജി അരുണിമ, Op. cit., പുറം. 57

കേസുകൾ കൂടി കൂടി വന്നു.[35] സർക്കാർ ഉദ്യോഗങ്ങളിലെ എണ്ണത്തിൽ നയന്മാർ തുടർന്ന് പുലർത്തിപ്പോന്ന മേധാവിത്വം 1880 കളിൽ നായർതറവാട്ടുളിലെ പിരിമുറുക്കത്തെയും സമ്പത്തിക ഞെരുക്കത്തെയും ഒട്ടൊന്ന് ലഘുകരിച്ചു.[36]

പശ്ചാത്യ വിദ്യാഭ്യാസവും, മാറുന്ന ചിന്താഗതിയും സമുദായത്തിന്റെ പരിഷ്കരണത്തിന് കാരണമായി ഭവിച്ചു. അഭ്യസ്തവിദ്യർ മാറ്റങ്ങൾക്കും നവീകരങ്ങൾക്കും കാരണഭൂതരായി. പതിയെ പതിയെ തറവാടുകൾ ക്ഷയിക്കുകയും ഭാഗം വച്ചുപിരിയുകയും ചെയ്തപ്പോൾ, അണുകുടുംബങ്ങൾക്കും, പിതൃദായകക്രമത്തിനും ഒരു കാരണമായി. എല്ലാ മാറ്റങ്ങളുടെയും മറപിടിച്ചു സ്ത്രീകൾ പിന്നാമ്പുറത്തേക്ക് മാറ്റിനിറുത്തപ്പെട്ടു: ഒരു നല്ല ഭാര്യയായി, അമ്മ ആയി, അമ്മൂമ്മയായി അവൾ സ്ത്രീഭാവങ്ങുളുടെ എല്ലാ ഭദ്രതയും ആർജിച്ചു.[37] സാഹിത്യംവഴിയും കലയുടെ വിവിധതലങ്ങൾ വഴിയും ഈ സ്ത്രീ ഭാവത്തെ ഊട്ടിയുറപ്പിച്ചു. ഒരുപക്ഷെ സമൂഹത്തിലെ ഈ ചരിത്രപരമായ മാറ്റങ്ങളെ വൈകാരികതയുടെ ഭാവം ചേർത്ത് അവതരിപ്പിക്കാൻ അന്നത്തെ കാലത്തിന്റെ ഓരോ കലയ്ക്കും സാധിച്ചു എന്നുതന്നെ വിലയിരുത്താം. തറവാടുകളുടെ പതനവും, നിയമപരമായി മരുമ്മക്കതായത്തിന്റെമേൽ വന്ന നിയന്ത്രണവും നിരോധനവും, എല്ലാം അതിന്റെ തനതു ഭാവത്തിൽ വൈകാരികതയോടെ, നിയമം

---

[35] റോബിൻ ജെഫ്രി, Op. cit.,പുറങ്ങൾ. 176-177
[36] Ibid. പുറം. 177
[37] feminismindia.com, Op. cit.,/26/4/21/

എന്നതിനപ്പുറം, മനുഷ്യമനസാക്ഷിയിൽ അവ വരുത്തുന്ന ആഘാതത്തെ ഓരോ കൃതിയും അവതരിപ്പിച്ചു എന്ന് തന്നെ മനസിലാക്കാം.

### അധ്യായം 3

# ആധുനികതയും നായർ സമുദായവും സാഹിത്യ രചനയിൽ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ മുന്നേറ്റങ്ങളും നവീകരങ്ങളും ഓരോ ജീവിതത്തെയും സമുദായത്തെയും സാരമായിതന്നെ ബാധിച്ചു. ബ്രിട്ടീഷ് ഭരണകാലത്തു നിയന്ത്രണങ്ങളായും നിരോധനങ്ങളായും സമൂഹത്തിലെ ഓരോ തുറയിലെ മനുഷ്യരുടെ ജീവിതത്തിലേക്കും മുന്നേറ്റകളും നവീകരങ്ങളും എത്തി. സമൂഹത്തിലെ ചെറിയ മാറ്റം പോലും അതിന്റെ തനത ഒട്ടും തന്നെ കൈവെടിയാതെ സാഹിത്യകൃതികളിൽ പ്രതിഭലിച്ചു. വർത്തമാനകാലത്തിലേക്കു തിരിച്ചു വെച്ച ഒരു കണ്ണാടിപോലെയായിരുന്നു സാഹിത്യരചനകൾ. ചരിത്രം നിയമങ്ങളായും മാറ്റങ്ങളായും മാത്രം കണ്ട സംഭവങ്ങളെ അതിന്റെ യഥാർത്ഥതയോടെ വരച്ചുകാണിക്കാൻ സാഹിത്യത്തിന് കഴിഞ്ഞു. നായർ സമുദായത്തിന്റെ മുഖ മുദ്രകളായ മരുമ്മക്കാത്തയവും, ആധുനികതയുടെ കടന്നു വരവോടെ സമുദായത്തിൽ വന്ന മാറ്റങ്ങളും കണ്ണാടിയിലെന്ന പോലെ സാഹിത്യരചനകളിൽ വ്യക്തമാവാൻ തുടങ്ങി. സി രാധാകൃഷ്ണൻ, അനിത നായർ, എം. ടി വാസുദേവൻ നായർ എന്നിവർ നായർ സമുദായത്തെ കേന്ദ്രമാക്കി നോവലുകൾ എഴുതി തുടങ്ങി. അവരിൽ തന്നെ എം. ടി വാസുദേവൻ നായർ, തറവാടിനെയും നായർ

സമുദായത്തിന്റെ കാണപ്പുറങ്ങളെയും സമൂഹത്തിന്റെ മുന്നിൽ പരസ്യപെടുത്തി.

## എം. ടി വാസുദേവൻ നായർ

നായർ തറവാടുകളെകുറിച്ചും മരുമക്കത്തയ സമ്പ്രദായത്തെക്കുറിച്ചും എഴുതിയ പൂർവ്വാധുനിക കേരളത്തിലെ പ്രധാന എഴുത്തുകാരിൽ ഏറ്റവും ജനപ്രീതിനേടിയ കഥകാരനാണ് എം ടി വാസുദേവൻ നായർ. സ്വന്തം സമുദായത്തിലെത്തന്നെ കാലഹരണപ്പെട്ട ആചാരങ്ങൾക്കെതിരെ അദ്ദേഹത്തിന്റെ തൂലിക എന്നും ശംബ്ദിച്ചു. ഇന്നത്തെ ഇന്ത്യൻ എഴുത്തുകാരിൽതന്നെ ഏറ്റവും ബഹുമാന്യനനായ അദ്ദേഹം ജനിച്ചത് പൊന്നാനി താലൂക്കിലെ കൂടല്ലൂരിൽ 1933 ജൂലായ് 15നാണ്.[1]

നോവലിസ്റ്റും തിരക്കഥാകൃത്തുമായ അദ്ദേഹം കൂടുതലും എഴുതിയിട്ടുള്ളതും വർണിച്ചിട്ടുള്ളതും തന്റെ തന്നെ സമുദായത്തിലേ കൂട്ടുകുടുംബവ്യവസ്ഥിതിയെക്കുറിച്ചും, തറവാട്ടുപാരമ്പര്യത്തെകുറിച്ചുമാണ്. [2] അദ്ദേഹത്തിന്റെ കൃതികളിൽ എല്ലാം തന്നെ അദ്ദേഹത്തിന്റെ പ്രദേശമായ കൂടല്ലൂരിന്റെ അതിമനോഹാരിതയെ വർണിക്കാറുണ്ട്. നിളയുടെ തീരം ചേർന്ന് കിടക്കുന്ന കൂടല്ലൂർ എല്ലാ കൃതികളിലും ഒരു പ്രധാന സ്ഥാനം വഹിക്കാറുണ്ടായിരുന്നു. എം. ടി വാസുദേവൻ നായർക്കുമുന്നേ

---

[1] എം. ടി വാസുദേവൻ നായർ, നാലുകെട്ട്, കറന്റ് ബുക്സ് തൃശ്ശൂർ, 1958.

[2] ഡിഗ്വിജയ് പന്ധ്യ ആൻഡ് ദേവിശ്രി, "സോഷ്യോ കൾച്ചുറൽ ട്രാൻസ്ഫോർമേഷൻ : എ സ്റ്റഡി ഓൺ ടൈം ബൈ എം. ടി വാസുദേവൻ നായർ", പുറങ്ങൾ 3-4

നടന്നുതുടങ്ങിയ എഴുത്തുകാരിൽ പലരും പത്തൊമ്പതാം നൂറ്റാണ്ടിന്റെ സമരനായകന്മാരെയും നവോഥാനത്തിനായി അവതരിച്ചവരെയും വാഴ്ത്തിയപ്പോൾ എം ടി വാസുദേവൻ നായരുടെ കൃതികളിൽ പച്ചയായ സത്യങ്ങളും, പൊള്ളുന്ന ജീവിതയാഥാർത്ഥ്യങ്ങളും നിറഞ്ഞുനിന്നു. [3] ഇന്ത്യൻ സാഹിത്യത്തിൽ ആധുനികത ഉടലെടുക്കുമ്പോളായിരുന്നു എം. ടി വാസുദേവൻ നായരുടെ കടന്നുവരവ്. ആധുനിക വിദ്യാഭ്യാസവും നഗരവത്കരണവും, വ്യവസായവത്കരണവും സമൂഹത്തിലുണ്ടാക്കിയ പിരിമുറുക്കം ചെറുതല്ലായിരുന്നു. എം. ടി വാസുദേവൻ നായരുടെ കൃതികളിലെ പ്രധാന കഥാപാത്രം ഒരിക്കലും ഒരു നേതാവോ, അല്ലെങ്കിൽ ഒരു സമരനായകനോ ആയിരുന്നില്ല : എല്ലാവരും തന്നെ തന്നിൽ നിന്നും, സ്വയം സമൂഹത്തിൽ നിന്നും അന്യനായി ജീവിക്കുന്ന കഥാപാത്രങ്ങളായിരികന്നു.[4]

മഞ്ഞ്, രണ്ടാമൂഴം, കാലം, നാലുകെട്ട്, വിലാപയാത്ര, അസുരവിത്ത്, അറബിപൊന്ന്, തുടങ്ങി അനവധി ജനപ്രിയ നോവലുകളുടെ സ്രഷ്ടാവാണ് എം. ടി വാസുദേവൻ നായർ. മഞ്ഞ് 1964 ൽ, ചെറിയ സംഭാഷങ്ങളും വളരെ ചുരുങ്ങിയ കഥാപാത്രങ്ങളെയും കേന്ദ്രമാക്കി ഒരുക്കിയ നോവലാണ്. 1984 ൽ അദേഹത്തിന്റെ തൂലികയിൽ നിന്നും ഏറ്റവും പ്രസ്തമായ രചനക്ക് പിറവികൊണ്ടു, രണ്ടാമൂഴം നിരവധി പുരസ്കാരങ്ങൾക്ക് അർഹമായ കൃതി മഹാഭാരത കഥയെ ഭീമന്റെ കണ്ണിലൂടെ വായിച്ചെടുക്കുകയാണ്.

---

[3] https://www.loc.gov. /27/4/21/

[4] അരുണിമ ജി, "റൈറ്റിങ് കൾചർ : ഓഫ് മോഡേൺറ്റി ആൻഡ് ദി മലയാളം നോവൽ", സ്റ്റഡീസ് ഇൻ ഹിസ്റ്ററി, 1997. പുറം.274

പ്രധാനമയും അദ്ദേഹത്തിന്റെ കൃതികൾക്ക് കേന്ദ്രമാകുന്നത് നായർ സമുദായത്തിലെ തറവാടും മരുമക്കത്തായവും ആണ്.[5] അദ്ദേഹത്തിന്റെ പ്രധാന കൃതികളായ കാലം, അസുരവിത്ത്, നാലുകെട്ട് എന്നിവയെല്ലാം മുന്നോട്ടുവയ്ക്കുന്ന ആശയം ഒന്നുതന്നെയാണ്:തറവാട്ടുകളിലെ ആസ്വാരസ്യങ്ങളും അധഃപധനവും.

## നാലുകെട്ട് : ഒരാമുഖം

എം. ടി വാസുദേവൻ നായർ എഴുതിയ ഏറ്റവും പ്രധാന കൃതികളിൽ ഏറെ ശ്രദ്ധനേടിയ ഒരു കലാസൃഷ്ടിയാണ് നാലുകെട്ട്. ഈ കൃതി കേരളീയ സമൂഹഘടനയുടെ പരിണാമത്തിന്റെ ഒരു പ്രത്യേക ഘട്ടത്തെ പ്രതികവത്കരിക്കുന്നു.[6] പാരമ്പര്യത്തിന്റെ അർദ്രമായ അംശംങ്ങളും ആധുനികതയും തമ്മിലുള്ള സംഘർഷം ആവിഷ്കരിക്കുന്ന നാലുകെട്ടിന്റെ ആദ്യ പതിപ്പു 1958 ൽ പ്രസിദ്ധീകരിച്ചു. ആ വർഷത്തെ കേരള സാഹിത്യ അക്കാദമിയുടെ അംഗീകരവും ലഭിക്കുകയുണ്ടായി.

പത്തൊമ്പത്തു ഇരുപതു നൂറ്റാണ്ടിലെ നായർ സമുദായത്തിന്റെ പച്ചയായ അവതരണം ആണ് നാലുകെട്ട് എന്ന നോവൽ. നിയമപരമായി നിരോധനവും നിയന്ത്രണവും ഏർപ്പെടുത്തിയശേഷവും നായർ തറവാടുകളിൽ വച്ചുപുലർത്തി പോന്നിരുന്ന കൂട്ടുകുടുംബവ്യവസ്ഥിതിയും മരുമക്കത്തായ സംമ്പ്രദായവും ഈ കഥയിലൂടെ തുറന്നു കാണിക്കുന്നു. ഭാവനയിലൂടെ വിരിയിച്ചെടുത്ത ഒരു നോവൽ എന്നതിനപ്പുറം സമൂഹത്തിന്റെ തന്നെ ഭംഗിയായ ഒരു

---

[5] www.literaturefestival.com /24/4/21/.

[6] എം ടി. വാസുദേവൻ നായർ,Op. cit.,

ചിത്രമായി ഈ നോവലിനെ വിലയിരുത്താം. ഈ കഥയിൽ തറവാടിന്റെയും മരുമക്കത്തായത്തിന്റെയും ആരും കാണാത്ത ദുർമുഖങ്ങൾ ഒരു മടിയും കൂടാതെ വ്യക്തമായി കാണിക്കുന്നു. സമുദായത്തിലെ സ്ത്രീകൾ അകത്തമ്മയായി തളച്ചിടപ്പെടുന്നതിന്റെ യഥാർദ്യം ഭാവനയുടെ ചായം ചേർത്ത് അവതരിപ്പിക്കുകയാണ് കഥകാരൻ. അപ്പുണിയുടെ യാത്രകളിലൂടെയാണ് കഥ മുന്നേറുന്നത്, അവന്റെ ജീവിതത്തിൽ അവൻ കണ്ടുമുട്ടുന്ന കുറച്ചു സ്ത്രീ കഥാപാത്രങ്ങളും നോവലിന് കരുത്തേക്കുന്നു. കുടുംബവും ആചാരവും ജീവിതത്തിന്റെ നെടുങ്കൻ കാരഗ്രഹങ്ങളും വ്യക്തിയെ അപഹരിക്കുന്നതിന്റെ നേർ ചിത്രം തുറന്നുകാട്ടുമ്പോൾ, എവിടെയും എഴുതിച്ചേർക്കാത്ത, ആർക്കും അറിയാത്ത ചരിത്രവും പുറത്തുവരുന്നു.

അപ്പുണ്ണിയും, അവന്റെ അമ്മയും, അമ്മാവനും, അമ്മമ്മയും, ഒരു വല്യതറവാട്ടമാണ് ഈ കഥയെ മുന്നോട്ട് കൊണ്ടുപോകുന്നത്. അവന്റെ യാത്രയിൽ അവൻ കണ്ടുമുട്ടുന്ന കുറച്ചു സ്ത്രീകളുമുണ്ട്, മീനാക്ഷിയേടത്തി, മാളു, അമ്മിണിയേടതി, വല്യമ്മ അങ്ങനെ തുടങ്ങി, നായർ തറവാടുകളിൽ കാണപെടുന്ന ഓരോ കാലഘട്ടത്തിന്റെയും പ്രതീകങ്ങളാണ് ഇവരോരോരുത്തരും. സ്നേഹിച്ച പുരുഷനൊപ്പം ഇറങ്ങി പോയ തറവാട്ടിൽ നിന്നും പുറത്താക്കിയ പാറുകുട്ടിയുടെ മകനാണ് അപ്പുണ്ണി. അമ്മയാണ് അവനെ പടുപ്പിഇത് ഒരു കഥയല്ല മറിച്ച്, തന്റെ സമുദായത്തിലേ എഴുതപെടാത്ത ചരിത്രമാണ് എം. ടി വാസുദേവൻ നായർ പറഞ്ഞുതീർക്കുന്നത്. നായർ സാമുദായം സ്ത്രീകൾക്ക് കൊടുക്കുന്ന മഹത്തായ സ്ഥാനത്തിന്റെ അതിമനോഹരചിത്രമാണ് മരുമക്കാത്തയം എന്ന് വിശ്വസിക്കുന്ന വിഭാഗം

ചെറുതല്ല സമൂഹത്തിൽ, ഒരുപക്ഷെ ഇപ്പോഴും അങ്ങനെ തന്നെ അടിയുറച്ചു വിശ്വസിക്കുന്നവരും അഹങ്കരിക്കുന്നവരും എത്രകണ്ടുടെന്നു അളക്കാൻ സാധിക്കില്ല. സമൂഹത്തിന്റെ ഈ തെറ്റായ ധാരണയെ അടിപടലം തിരുത്തിയെഴുതുകയാണ് നാലുകെട്ട്. ഒരു പക്ഷെ കവിക്ക് നേരിട്ടോ അല്ലാതെയോ പരിചയമുള്ള പച്ചയായ, അധികമൊന്നും കലർപ്പോ ഭാവനയോ ചേരാത്ത അന്നിന്റെ സത്യമാവാം ഈ കഥയുടെ ഇതിവൃത്തം. ആധുനികതയെത്തിനോക്കിട്ടിയില്ലായിരുന്ന ഒരു ജനതയ്ക്ക് ഒരു പക്ഷെ ഈ ആചാരങ്ങൾക്കു പിന്നിലെ കറുപ്പോ, മേധാവിത്വത്തിന്റെ കൈകളോ കാണാൻ സാധിച്ചിട്ടുണ്ടാവില്ല, എന്നിരുന്നാലും യുഗങ്ങളായി പുരുഷനനുഭവിച്ചു പോന്നിരുന്ന അധികമാരും ചോദ്യംചെയ്യപ്പെടാത്ത അടിച്ചമർത്തലിന്റെ വിശാലമായ മുഖമാണ് ഇത്.

പെണ്ണുപെണ്ണാവുന്നതിനു മുന്നേ തന്നെ അവളിൽ നിന്നും പറിച്ചെടുത്ത അവളുടെ കന്യകത്വത്തിന്റെ അടിത്തറയിൽ കെട്ടിപ്പൊക്കുന്ന യശസും തറവാടും നായർമാരെ നായർമാരാക്കിയ ഒരു കാലം അവരുടെ ഇരുണ്ട കാലഘട്ടത്തിലും ഉണ്ടായിരുന്നു [7] ബ്രിട്ടീഷ് ഭരണകാലത്തു അതുവരെ സൈന്യക വിഭാഗമായി കണക്കാക്കപ്പെട്ടിരുന്ന നായർമാരുടെ ഭാവിയെ മാറ്റിരചിക്കപെടുകയായിരുന്നു. അവർ മേധാവിത്വ ജാതി പട്ടികയിൽ എത്തി. യശസുവന്നു, മഹിമ വന്നു, പ്രൌഢി വന്നു. അത്രയും നാൾ അവർ വച്ചുപുലർത്തി പോന്നിരുന്ന സംബന്ധം പോലെയുള്ള ആചാരങ്ങൾ ഇതിലൊക്കെയെത്തിചേരാൻ

[7] തരിവ അരുൺ., നാലുകെട്ട് ദി ഹൌസ് അറൌണ്ട് ദി കോർട്യർഡ്, 2015, പുറം 5

അവർക്ക് സഹായകമായിട്ടേയുള്ളു. നായർമാരുടെ പാരമ്പര്യവും ഭൂതവും ഭാവിയുമെല്ലാം എല്ലാം നിലനിൽക്കുന്നത് സ്ത്രീയെ ചുറ്റിപറ്റിയാണ്. നാലുകെട്ടു എന്ന നോവൽ തുറന്നു കാണിക്കുന്നതും അതുവരെ സമൂഹത്തിൽ നിലനിന്നിരുന്ന, നായർ സമുദായത്തെ സംബന്ധിച്ച ഉഹപൂഹങ്ങളെയാണ്. തറവാട്ടിൽ സ്ഥാനം കൊണ്ടോ ജന്മം കൊണ്ടോ ആർക്കും ഒരുത്തരത്തിലുള്ള ബഹുമാനത്തിനും അർഹനാവൻ സാധിക്കില്ല അവിടെ ബഹുമാനം നേടുന്നത് 'മൂപ്പ് ' അതായതു പ്രായത്തെ അടിസ്ഥാനപെടുത്തിയാണ്.[8]

പ്രായം ചെന്ന സ്ത്രീയെ അടയാളപ്പെടുത്തുന്ന കാരണവതി എന്ന സ്ഥാനം, അല്ലെങ്കിൽ ഒരു പക്ഷെ തറവാട്ടു സ്വത്തിന്റെ യഥാർഥ അവകാശി എന്നാ സ്ഥാനം തികച്ചും അലങ്കാരികം മാത്രമാണെന്ന് നാലുകെട്ടു വ്യക്തമാക്കുന്നു. ആരാണ് ഇവിടെ യഥാർത്ഥ അധികാരി, ആരാണ് ഇവിടെ കേവലം നോക്കിനടത്താൻ വിധിക്കപ്പെട്ടവൻ..... ഈ ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് നാലുകെട്ട് ഭാവനയുടെ മറവിൽ കഥയുടെ കൈ പിടിച്ചു സമൂഹത്തിനു പറഞ്ഞു തരുന്നത്. കഥക്ക് പശ്ചാത്തലം ഒരുക്കുന്ന സമൂഹം മാറ്റത്തിന്റെ പാതയിൽ ആണ്. ആധുനിക വിദ്യാഭ്യാസവും നഗരവത്കരണവും സമൂഹത്തിൽ കൊണ്ട് വന്ന മാറ്റം ഓരോ വിഭാഗം ജനങ്ങളും ഏറ്റെടുത്തു. പക്ഷെ, ആധുനികതയെ  പശ്ചാത്യവത്കരണമായും പരിഷ്കാരമായും മാത്രം കണ്ട ജന വിഭാഗം ചെറുതല്ലായിരുന്നു. കഥയിലെ വടക്കേപ്പാട്ട് എന്നാ തറവാട് ഈ സമൂഹത്തിന്റെ ഒരു ലളിത രൂപം ദൃശ്യമാക്കുന്നു.

---

[8] മൂത്തേടത്തു മായാദേവി, വുമൺ ആൻഡ് മാര്യേജ് ഇൻ മരുമക്കത്തായം, ഇന്റർനാഷണൽ ജേർനൽ ഓഫ് സോഷ്യൽ സയൻസ്,  vol4(10),2015 പുറം 6

ആധുനികതയെ കാംഷിക്കുന്ന ഒരുപറ്റം യുവത്വവും പാരമ്പര്യത്തെ ചേർത്തുകിടിക്കുന്ന കാരണവരും. ആധുനിക വിദ്യാഭ്യാസത്തിന്റെ മക്കളാണ് അണുകുടുംബവും, പിതൃദായകക്രമവും. കഥയിലെ തറവാട്ടിൽ നടക്കുന്നത് ഇതിനു വേണ്ടിയുള്ള പോരാട്ടമാണ്.

എം. ടി വാസുദേവൻ നായർ തന്റെ സമുദായത്തിന് നേരെ പിടിച്ച ഒരു കാണ്ണാടിയാണ് നാലുകെട്ട് എന്നാ നോവൽ. വാക്കുകളിൽ പറഞ്ഞു വയ്ക്കുന്ന സ്ത്രീകളുടെ ഉടമസ്ഥതയും അവകാശവും എല്ലാം വെറും ആഡംബര വാചകങ്ങളാണെന്നു വ്യക്തമാക്കുകയാണ് ഇവിടെ. അവകാശിയാണെങ്കിലും ഉടമസ്ഥയാണെങ്കിലും അവളെ ഭരിക്കാൻ ഒരു പുരുഷൻ അവളുടെ പിന്നിൽ എന്നും ഉണ്ടാവും. ഒരു പക്ഷെ അമ്മവൻ ആവാം, അച്ചനാവം, ഭർത്താവാകാം: കാലം മാറുമ്പോൾ ഭരണകർത്താക്കൾ മാറിയേക്കാം പക്ഷെ ഭരിക്കപ്പെടേണ്ടവൾ സ്ത്രീ തന്നെ.[9] ആധുനിക വിദ്യാഭ്യാസം സമൂഹത്തിന്റെ നാന കോണിലും എത്തിയപ്പോൾ പോലും സ്ത്രീകൾ എന്നും അകത്തളങ്ങളിൽ തന്നെയായിരുന്നു.[10] പുറത്തോട്ടു ഒന്ന് മുഖം കാണിക്കാനോ എന്തിനു തറവാടിന്റെ മുറ്റത്ത് ഒന്ന് സ്വര്യവിഹാരത്തിനൊപോലുമുള്ള അനുമതി അന്നത്തെ നായർ സ്ത്രീകൾക്ക് ഉണ്ടായിരുന്നില്ല എന്ന് പറയുന്നത് ഒട്ടും തന്നെ അതിശയോക്തിയാവില്ല. നാലുകെട്ട് വളരെ തനതയോടെ അവതരിക്കുപ്പുന്നത് ഒട്ടും തന്നെ അദ്ദേഹത്തിന് അന്യമായ

---

[9] https://www.feminismindia. com/27/4/21

[10], സ്വപ്ന മുഘോപാധ്യായ, ദി എനിങ്മ ഓഫ് ദി കേരള വുമൺ, ന്യൂ ഡൽഹി,2007, പുറം 106

പശ്ചാത്തലത്തെയല്ല മറിച്ചു, അദ്ദേഹം ജനിച്ചു വളർന്ന അദേഹത്തിന്റെ തന്നെ സമുദായത്തിലെ ജീവിത സത്യത്തെയാണ്. ചരിത്രമാണ് അതിലെ കഥയും കഥഗതിയും: കാരണം അന്നത്തെ സമൂഹത്തിൽ നിലനിന്നിരുന്ന ആചാരങ്ങളുടെയും കാലഹാരണപ്പെട്ട സമ്പ്രദാങ്ങളുടെയും നേർ ചിത്രമാണിത്. 1933 ൽ മദ്രാസ് കോടതി നിയമപരമായി മരുമക്കാത്തയ സമ്പ്രദായം നിരോധിക്കുകയുണ്ടായി. എങ്കിൽ പോലും, അതിനുശേഷവും മിക്ക തറവാട്ടുകളും മനഃപൂർവാമോ അല്ലാതെയോ മരുമക്കത്തായം പിന്തുടർന്ന് എന്ന് തന്നെ കരുതാം. എങ്കിലും ഇതിനുമൊക്കെ ഒരുപാടു മുൻപ്തന്നെ തറവാടുകളിൽ ഭാഗം വയ്ക്കണമെന്നപേരിൽ ഒരുപാടു കേസുകൾ വന്നതായി കണക്കുകൾ രേഖപെടുത്തുന്നു.[11] ഈ കഥയിൽ തന്നെ, കാരണവനായ അമ്മാവനും, തറവാട്ടിലെ തന്നെ ചെറിയ അമ്മാവനും തമ്മിൽ നടക്കുന്ന കേസുകളെകുറിച്ച് വിശദമാക്കുന്നുണ്ട്.

മരുമക്കത്തയ ക്രമത്തിൽ സ്ത്രീ ആരാണെന്നും, അവൾക്കുള്ള സ്ഥാനം എന്താണെന്നും ഒന്നിലധികം കഥാപാത്രങ്ങൾ വഴി കഥാകാരൻ വ്യക്തമാകുന്നു. മരുമക്കത്തായം എന്നാ സമ്പ്രദായത്തെ മാറ്റിനിറുത്തിയാൽ, നായർ സമുദായത്തിൽ നിൽക്കാനും ഇരിക്കാനും നടക്കാനും കിടക്കാനും സ്ത്രീകൾക്ക് ഏർപ്പെടുത്തിയിരുന്ന എഴുതപെടാത്ത നിയമപുസ്തകത്തെയാണ് സമൂഹത്തിനുമുന്നിൽ വെളിപ്പെടുത്തുന്നത്.[12]നാലുകെട്ട് മുന്നേറുന്നത് നാലുചുവരിൽ ഒതുങ്ങി നിൽക്കുന്ന സത്യത്തെ പുറംതള്ളിക്കൊണ്ടാണ്. നടുമുറ്റവും

[11] റോബിൻ ജെഫിറി, നായർ മേധാവിത്വത്തിന്റെ പദ്ധനം, സസ്സെക്സ് യൂണിവേഴ്സിറ്റി പ്രെസ്സ്, കോട്ടയം,1979, പുറങ്ങൾ 42-43
[12] നീന കിഷോർ, Op. Cit., പുറം 2

നാലുചുവരുമുള്ള, ദീർഘചതുരാകൃതിയിലുള്ള ഭവനം പ്രതിനിതീകരിക്കുന്നത്, ഒരു ജനതയെയാണ്. ആധുനികതയുമായി സംഘർഷത്തിലുള്ള പാരമ്പര്യത്തെയാണ്.

## നാലുകെട്ടിന്റെ ഇതിവൃത്തം

അപ്പുണ്ണിയും അപ്പുണ്ണിയുടെ അമ്മയും വടക്കേപ്പാട്ട് എന്നാ വല്യ തറവാടുമാണ് കഥയെ മുന്നോട്ട് കൊണ്ടു പോകുന്നത്. സ്നേഹിച്ച പുരുഷനൊപ്പം ഇറങ്ങി പോയതിനു തറവാട്ടിൽ നിന്നും 'പടി അടച്ചു പിണ്ഡം' വയ്ക്കപ്പെട്ടതാണ് അപ്പുണ്ണിയുടെ അമ്മയെ അപ്പുണ്ണിയുടെ അമ്മയെ പോലെ ഒഴിവാക്ക പെട്ടതിന്റെയും മാറ്റിനിറുത്തപെട്ടതിന്റെയും കഥ പറയാനുണ്ട് കഥയിലെ ഓരോ സ്ത്രീ കഥാപാത്രങ്ങൾക്കും. അപ്പൂണ്ണിയുടെ തറവാട് നാലതിരുകളാലും ചുറ്റപ്പെട്ട വല്യ നടുമുറ്റത്തോട് കൂടിയ നാലുകെട്ട് ആണ്. ഇരുട്ടുമൂടിയ അകത്തളങ്ങളിൽ ആരും കാണാതെ നീറി നീറി പുകഞ്ഞു ഒടുങ്ങുന്ന ഒന്നിലധികം സ്ത്രീകളുണ്ട് ഈ കഥയിൽ. ആരാണ് മരുമക്കത്തായത്തിൽ ആർക്കാണ് യഥാർഥ അവകാശം എന്നും, ആരാണ് എഴുതി വച്ചതും മറ്റുള്ളവർ വിശ്വസിക്കുന്നതും ആയിട്ടുള്ള അവകാശി എന്ന് ഈ സ്ത്രീ കഥാപാത്രങ്ങൾ വ്യക്തമാകുന്നു.

അപ്പുണ്ണിയുടെ യാത്രയിൽ അവൻ കണ്ടുമുട്ടുന്ന ഒരുപാടു സ്ത്രീകൾ ഉണ്ട്. അവർക്കു ഓരോരുത്തർക്കും അവരുടെ കഥകളുണ്ട് പറയാൻ. [13] വലിയമ്മാവൻ കഥയിലെ മറ്റൊരു പ്രധാന കഥാപാത്രമാണ്.

---

[13] തരിഖ അരുൺ,Op. cit., പുറം.5

അപ്പുണി ആധുനികതയെ പ്രതിനിധീകരിക്കുന്നു എങ്കിൽ വലിയമ്മാവൻ പാരമ്പര്യത്തെ പ്രതിനിധീകരിക്കുന്നു. ആധുനികതയുടെ ആയുധമായി അപ്പുണ്ണി വിദ്യാഭ്യാസത്തെ മുറുകെ പിടിക്കുമ്പോൾ, വിദ്യാഭ്യാസം വഴി അവൻ യഥാസ്ഥിതിക സമൂഹത്തോട് പടവെട്ടി ജയിക്കുന്നു. കഥയുടെ ഒടുവിൽ അവൻ നാലുകെട്ട് സ്വന്തമാക്കുകയും അത് പൊളിക്കാൻ തീരുമാനിക്കുകയും ചെയ്യുന്നു. [14] നാലുകെട്ടിൽ നിന്നും അണുകുടുംബങ്ങളിലേക്കുള്ള മാറ്റത്തിനു ഒരു ആഹ്വാനമാണ് കഥയുടെ ഒടുവിൽ രചയിതാവ് നടത്തുന്നത്.

## ആധുനികതയും പാരമ്പര്യവും : നാലുകെട്ടിന്റെ കാഴ്ചപ്പാടിൽ

ആധുനികതയുടെ ഏറ്റവും മഹത്തായ ആയുധനമാണ് വിദ്യാഭ്യാസം, അപ്പുണ്ണിയുടെ നാളേക്കുള്ള പ്രതീക്ഷയാണ് അവന്റെ വിദ്യാഭ്യാസമെന്ന് കഥയിൽ വ്യക്തമാണ്. അതുകൊണ്ടുതന്നെ, അപ്പുണി ആധുനികതയുടെ വക്താവയാണ് കഥയിൽ കാണപ്പെടുന്നത്. തറവാടും തറവാട്ടിലെ കാരണവനും പാരമ്പര്യത്തെ ചേർത്തുപിടിക്കുകയാണ്, കാരണം അദ്ദേഹം ആധുനികതയെ തള്ളികളയാൻ ആഗ്രഹിക്കുന്നു.

കഥയുടെ പല സന്ദർഭങ്ങളിലും ആധുനികതയും പാരമ്പര്യവും തമ്മിലുള്ള വിയോജിപ്പുകളെ രചയിതാവ് വ്യക്തമാക്കുന്നുണ്ട്. [15] അപ്പുണിയുടെ വല്യമാവനും ചെറിയമ്മാവനും

[14] എം. ടി വാസുദേവൻ നായർ, Op. cit., പുറം.202
[15] നീന കിഷോർ, Op. cit., പുറം.7.

തമ്മിൽ സ്വത്തിന്റെ പേരിൽ നടക്കുന്ന വഴക്കിനെ ആധുനികതയുടെ കടന്നുകയറ്റമായി കഥയിൽ പറയുന്നു.

***"കുട്ടമ്മാമ നേരെ പത്തായപുരയിലേക്ക് കയറിപ്പോവാൻ ഭാവിച്ചപ്പോൾ അമ്മമ്മ വന്നു തടഞ്ഞു. അപ്പോൾ കുട്ടമ്മാമ പറഞ്ഞു : 'ഇത്രേം കാലം ഞാൻ മിണ്ടാണ്ടിരുന്നു.നിയ്ക്കും ബടെ അധികാരം ണ്ടോന്ന് ഞാൻ നോക്കട്ടെ. "***[16]

ഇങ്ങനെ പല സന്ദർഭങ്ങളിലും ആധുനികത പാരമ്പര്യത്തെ ചോദ്യം ചെയ്യുന്നുണ്ട്. ബഹുഭർത്തൃത്വത്തിൽ നിന്നും ഏകഭർത്തൃത്വത്തിലേക്ക് നായർ സ്ത്രീക്ക് വന്ന മാറ്റം പോലും ആധുനികതയുടെ കടന്നുവരവോടെ സംഭവിച്ചതാണ്. [17] കഥയിൽ ആധുനികതയുടെ മറ്റൊരു അടയാളം വിദ്യാഭ്യാസമാണ്. തന്റെ മുൻപിൽ പല സ്ത്രീ ജീവിതവും പ്രയാസപ്പെടുമ്പോഴും, പല പ്രശ്നങ്ങളും നടക്കുമ്പോഴും മനഃപൂർവം അതിൽ നിന്നും ഒഴിഞ്ഞു മാറി തന്റെ വിദ്യാഭ്യാസത്തിൽ ശ്രദ്ധിക്കുകയാണ് അപ്പുണ്ണി. അമ്മയോട് തോന്നിയ തെറ്റുധാരണയുടെ പുറത്തു വീടുവിട്ടിറങ്ങേണ്ടി വന്നപ്പോൾ പോലും അവനെ മുന്നോട്ടു നയിച്ചത് അവനുണ്ടായിരുന്ന വിദ്യാഭ്യാസ ത്വരയായിരുന്നു. [18] വിദ്യാഭ്യാസത്തെ മുൻ നിറുത്തിയാണ് അവൻ പാരമ്പര്യത്തോട് പൊരുതിയത്.

---

[16] എം. ടി വാസുദേവൻ നായർ, Op. cit., പുറം.107.
[17] റോബിൻ ജെഫറി, Op. cit., പുറം.175.
[18] എം. ടി വാസുദേവൻ നായർ, Op. cit., പുറം.89.

1890 കളിൽ സർക്കാർ സ്കൂളുകളിലും എയിഡ്ഡ് സ്കൂളുകളിലുമായി ഏതാണ്ട് അമ്പതിനായിരത്തോളം നായർ കുട്ടികൾ പഠിച്ചിരുന്നു.[19] ഈ അഭസ്ത്യവിദ്യർ പാരമ്പര്യത്തിന്റെ ചങ്ങലയിൽനിന്നും സമുദായത്തെ മോചിപ്പിക്കാൻ മുന്നോട്ടു വന്നു. സമൂഹത്തിലെ ഈ മാറ്റത്തിനു സാമാന്തരമായാണ് കഥയിൽ സംഭവിക്കുന്നത്. പാരമ്പര്യത്തിന്റെ ദുർമുഖങ്ങളെ ചോദ്യം ചെയ്യാൻ അപ്പുണ്ണി കഥയുടെ ഒടുവിൽ മുന്നോട്ടു വരികയാണ്, വിദ്യസമ്പന്നനായി, ജോലിക്കാരനായി.

[19]റോബിൻ ജെഫറി,Op. cit., പുറം.173.

**അധ്യായം -4**

# നായർ സമുദായത്തിലെ സ്ത്രീ സങ്കൽപവും യഥാർദ്യവും: നാലുകെട്ടിൽ

പുതിയ വിദ്യാഭ്യാസ വ്യവസ്ഥ, സഞ്ചാരശീലത്തേയും സ്വാതന്ത്ര്യത്തെയും പ്രോത്സാഹിപ്പിച്ചു. എല്ലാ വിഭാഗങ്ങളെ പോലെ നായർ സമുദായത്തിൽ നിന്നും അനവധി അഭ്യസ്തവിദ്യർ ജനിക്കുകയുണ്ടായി. അതുവരെ പുറംലോകത്തുനിന്നും അത്രകണ്ടു അകന്നു ജീവിച്ച അവർ സർക്കാർ ജോലിക്കും പട്ടണത്തിലെ നല്ല തൊഴിലിനും അർഹരാവൻ തുടങ്ങി. നായന്മാരുടെ വിവാഹസമ്പ്രദായത്തെയും സദാചാരത്തെയുംകുറിച്ചുള്ള തുറന്ന ആക്രമണം കേൾക്കാതെ കഴിയാൻ നായർവിദ്യാർത്ഥികൾക്ക് സാധ്യമായിരുന്നില്ല. [1] അങ്ങനെ സമൂഹവുമായി അടുത്തിടപെട്ട് തുടങ്ങിയപ്പോൾ സ്വന്തം സമുദായത്തിലെ അപഹാസ്യമായ അനാചാരങ്ങളെക്കുറിച്ചു യുവാക്കൾ ബോധവാന്മാരായി. നാലുകെട്ടിലെ അപ്പുണ്ണി അത്തരമൊരു കൂട്ടത്തിന്റെ പ്രതികമാണ്. പൊതുവെ നായർ യുവാക്കൾക്ക് അച്ഛൻ എന്നാ വ്യക്തി തികച്ചു അപരിചിതനാണ്, എന്നാൽ അപ്പുണ്ണിയെ വ്യത്യസ്തനാക്കുന്നത് അവന്റെ 'അച്ഛനെ പോലെയാവണം' എന്നാ ആഗ്രഹമാണ്. അവൻ അവന്റെ അച്ഛന്റെ വ്യക്തിത്വത്തിൽ അഭിമാനിക്കുന്നു. അച്ഛൻ എന്നാ വ്യക്തിയെ അവൻ ആരാധിക്കുന്നു. ഇത്

---

[1] റോബിൻ ജെഫിറി, നായർ മേധാവിത്വത്തിന്റെ പതനം, സസ്സെക്സ് യൂണിവേഴ്സിറ്റി പ്രെസ്സ്, 1979, പുറങ്ങൾ174-175

പൊതുവെ ആ നൂറ്റാണ്ടിലെ ചെറുപ്പക്കാരിൽ കാണപ്പെടാത്ത വളരെ വിരളമായ ദയനിയ സത്യമാണ്.

## 'നാലുകെട്ടിലെ' സ്ത്രീ

സ്നേഹിച്ച പുരുഷനൊപ്പം ജീവിക്കാൻ തീരുമാനിച്ചതിന്റെപേരിൽ തറവാട്ടിൽ നിന്നും പുറത്താക്കപ്പെട്ടതാണ് അപ്പുണിയുടെ അമ്മ. അതുകൊണ്ട് തന്നെ തറവാടും അമ്മാവനും ബാക്കിയുള്ള അംഗങ്ങളുമെല്ലാം അവനു ഒരു കേട്ടറിവുമാത്രമായിരുന്നു. യാദർശികവശാൽ തറവാട്ടിൽ പോകാനും അവരെയൊക്കെ കാണാനും സാധ്യമായപ്പോൾ, അവനു നേരിടേണ്ടിവന്നത് 'കുടുംബത്തിന്റെ മാനം നശിപ്പിച്ചവളുടെ' മകനെതിരെയുള്ള ആട്ടലുകളും കുത്തുവാക്കുകളുമാണ്. സ്ത്രീകൾക്ക് അവരുടെ പുരുഷനെ തിരഞ്ഞെടുക്കാനുള്ള അധികാരമോ അവകാശമോ പോലും അന്നത്തെ സമൂഹത്തിൽ നായർ സമുദായത്തിലെ സ്ത്രീക്ക് ഇല്ലായിരുന്നു. തറവാട്ടിലെ കറുത്തിരുണ്ട അടുക്കളപ്പുറത്തു ജോലിചെയ്യാൻ മാത്രം വിധിക്കപ്പെട്ട രാവെളുക്കുവോളം തിരക്കിലുള്ള മീനാക്ഷിയേടത്തിയെയും അത്രയും വല്യ തറവാട്ടിലെ സന്തതിയായിട്ടുകൂടെ കറുത്തചരടുമാത്രം ധരിച്ചു നടക്കാൻ വിധിക്കപ്പെട്ട മാളുവിനെയും കഥകാരൻ കാണിച്ചു തരുന്നുണ്ട്. ഇവരെല്ലാം മേധാവിത്വം കാർന്നെടുത്ത ജീവത്തിന്റെ ഉദാഹരണങ്ങളാണ്. അത്രക്കണ്ടു വല്യ തറവാട്ടിലെ സ്ത്രീയുടെ അത്രതന്നെ ദുരിതമാർന്ന ജീവിതത്തെ എം. ടി. വാസുദേവൻ നായർ അദ്ദേഹത്തിന്റെ തൂലികയിലൂടെ പരിചയപെടുത്തുകയാണ്. ഇവരോടെല്ലാം അപ്പുണ്ണിക്ക് സഹതാപം മാത്രമാണ്, ആരുടെയും അവസ്ഥയെ അവൻ ചോദ്യം ചെയ്യുന്നില്ല. അവൻ

അവന്റെ വിദ്യാഭ്യാസ സമ്പാദനത്തിൽമുഴുകി ഇരിക്കുകയാണ്. ഒരു യുദ്ധത്തിലൂടെയോ, വാഗ്വാദത്തിലൂടെയോ ഒരു മോചനവും ഒരു വ്യക്തിക്കും സാധ്യമല്ല എന്ന് അവനു അറിയാം. ഇതിൽനിന്നുള്ള മോചനം സത്യമാവണമെങ്കിൽ വിദ്യാഭ്യാസം നേടണം. അറിവ് കൊണ്ടും ഉയർന്ന ഒരു ജോലികൊണ്ടും മാത്രമേ പരമ്പര്യം പ്രസംഗിച്ചു നടക്കുന്നവരോട് പടവെട്ടനാവൂ എന്ന് അവൻ തിരിച്ചറിയുന്നു. ആധുനികതയും പരമ്പര്യം തമ്മിലുള്ള മഹത്തായ സംഘർഷത്തെയാണ് രചയിതാവ് ഈ ഭാഗങ്ങളിലൂടെ തുറന്നുകാട്ടുന്നത്.

തറവാട്ടിൽ നിന്നും പട്ടിയെ പോലെ വല്യമ്മാമ ഇറക്കിവിട്ടപ്പോഴും. പിന്നീട് അവിടെ അധികാരത്തോടെ അഭയം ഇരന്ന് ചെന്നപ്പോഴും അവന്റെ മനസ്സിൽ അവൻ കണ്ടിട്ടും കണ്ടില്ല എന്ന് നടിച്ചുവിടുന്ന സദാചാരങ്ങളെയും, അടിച്ചമർത്തലുകളെയും കഥയുടെ ഒടുവിൽ അവൻ നേടിയെടുത്ത വിദ്യയെയും ജോലിയെയും ആയുധമാക്കി അവൻ ചോദ്യം ചെയ്യുന്നുണ്ട്. കഥയിലെ അപ്പുണ്ണിയും പുരുഷവർഗത്തിന്റെ എല്ലാ സ്വഭാവങ്ങളോട് കൂടെയവനാണ്. സ്നേഹിച്ചു കൊതിതീരുന്നതിന് വളരെ മുൻപ് തന്നെ നഷ്ടപെട്ട ഭർത്താവിന്റെ ഓർമകളും പേറി ആരുടേയും സഹായമഭ്യർത്ഥിക്കാതെ മകനെ വളർത്താനും പഠിപ്പിക്കാനും കഷ്ടപ്പെടുകയാണ് അപ്പുണ്ണിയുടെ അമ്മ. എന്നിട്ടും അമ്മയെ സമൂഹം കരിവാരിയെറിഞ്ഞപ്പോൾ തിരിച്ചൊന്നും പറയാതെ കേട്ടുനിൽക്കുകയാണ് അപ്പുണ്ണി. അത്രയും നാൾ തന്നെ വളർത്തിയ അമ്മയെ അവനിലെ പുരുഷനും 'മോശം' സ്ത്രീയായി മുദ്ര കുത്തുന്നു. സ്ത്രീ മകളായും അമ്മയായും അമ്മൂമ്മയായും മാറുമ്പോൾ അവളെ ചാരിനിൽക്കുന്ന പുരുഷൻ ഒരു തരത്തിൽ

അല്ലെങ്കിൽ മറ്റൊരു തരത്തിൽ അവളെ ഭരിക്കുന്നു എന്നതും എം. ടി വാസുദേവൻ നായർ വ്യക്തമാകുന്നു.

## മരുമക്കത്തായത്തിലെ സ്ത്രീ

തറവാട് നിലനിൽക്കുന്നത് മരുമക്കത്തായ ക്രമത്തിൽ ആണ്. വല്യമ്മാവനും, വല്യമ്മയും, ചെറിയമ്മാവനും, അഛമ്മയും, അവരുടെ മകളും മകളുടെ ഭർത്താവും, മക്കളും അങ്ങനെ ഒരു വലിയ കൂട്ടുകുടുംബമാണ് 'വടക്കേപ്പാട്ട്'. പണിയെടുക്കാനും രാവന്തിയോളം കഷ്ടപ്പെടാനും നിറയെ സ്ത്രീകൾ. അവരിൽ തന്നെ അധികാരം ഉള്ളവളും ഇല്ലാത്തവളും, എന്നിരുന്നാലും പുരുഷന്മാരുടെ മനോഭാവം എല്ലാവരോടും ഒന്ന് തന്നെ.

***"മീനാക്ഷിയേടത്തി എന്നൊരാൾ വീട്ടിനകത്തുണ്ടെന്ന് അധികമാരും അറിയില്ല. പുലരുന്നതിനുമുമ്പ് കുളിച്ചു അടുക്കളയിൽ കടന്നാൽ പിന്നെ രാത്രി എല്ലാവരുടെയും ഊണ്കഴിഞ്ഞു അടച്ചുതളിക്കുന്ന നീലിക്കുള്ള കഞ്ഞി പകർന്നുവെച്ച് അടുപ്പും വീതനയും കഴുകിയ ശേഷമേ കിടക്കാനാവൂ".[2]***

കഥയിലെ മീനാക്ഷിഏടത്തിയുടെ ഈ ദിനചര്യ അകത്തളങ്ങളിൽ തളച്ചിടപെടുന്ന സ്ത്രീയെ പ്രതിനിധാനം ചെയ്യുന്നു. മരുമ്മക്കത്തായ ക്രമത്തിൽ അധിഷ്ഠിതമായ ആ തറവാട്ടിലെ ഒരു സ്ത്രീ ആണ് അവരും. അവന്റെ അച്ഛമ്മ (അതായതു അമ്മമ്മ) ആണ് തറവാട്ടിലെ പ്രായം ചെന്ന സ്ത്രീ, 'കാരണവതി'. മരുമക്കത്തായ

---

[2] എം. ടി വാസുദേവൻ നായർ, നാലുകെട്ട്, തൃശ്ശൂർ , 1958, പുറം 79

ക്രമത്തിന്റെ അടിസ്ഥാനത്തിൽ പറഞ്ഞാൽ തറവാടിന്റെ അവകാശി. അവരുടെ മൂത്ത ജേഷ്ഠനയ വല്യമാവനാണ് തറവാട് നോക്കി നടത്താനുള്ള അധികാരം 'കാരണവൻ'. എന്തൊരു വിരോധാഭാസമാണ്, ഉടമസ്ഥയായ സ്ത്രീ സ്വത്തു നോക്കി നടത്താൻ പുരുഷനെ അന്വേഷിക്കുന്നു. ഒരു അവകാശവുമില്ലാത്തവളെ പോലെ അകത്തമ്മയായി അവൾ ജീവിതം തീർക്കുന്നു. കഥയിൽ പല സന്ദർഭങ്ങളിലും വല്യമ്മാവൻ അമ്മമ്മയെ ആട്ടിപായിക്കുന്നത് കാണിക്കുണ്ട്. അപ്പോൾ ഉടമസ്ഥയായ സ്ത്രീ അവിടെ ആരാണ്. വീട് ഭാഗം വയ്ക്കണം എന്ന് അഭിപ്രായം തറവാട്ടിൽ വരുമ്പോൾ അമ്മമ്മ എതിർക്കുണ്ട്. എന്നാലും കാര്യങ്ങൾ എല്ലാം തീരുമാനിക്കുന്നത് വല്യമ്മാമയാണ്. "കേറിപ്പൊക്കോ ഒരൊറ്റ തൊഴി ഞൻ തരും" എന്ന് വലിയമ്മാമ അമ്മമ്മയോട് പറയുമ്പോൾ വ്യക്തമാകുന്നത് മരുമക്കത്തെയത്തിൽ സ്ത്രീ ആരുമല്ല, പുരുഷമേധാവിത്വത്തിന്റെ ഇരുണ്ടതലങ്ങൾ അവളെ എപ്പോഴും ഭരിക്കുന്നു എന്ന്തന്നെയാണ്.

പല സന്ദർഭങ്ങളിലും എല്ലാവരും വിശ്വസിക്കുന്ന മരുമക്കത്തായത്തിലെ കരുത്തയായ സ്ത്രീ വെറും പുറംമോടി മാത്രമാണെന്ന് കഥയിൽ തെളിയിക്കുന്നുണ്ട്.

***"വലിയമ്മാമക്കും അവനും ഇടയിൽ അമ്മമ്മ നിന്ന് നിലവിളിച്ചു.***

***മാറി നിക്കിൻന്നും. ഇവന്റെ കൊടല് ഞാൻ ചവിട്ടി......***

***അമ്മമ്മയെ തട്ടിനീക്കി വല്യമാമ്മ..........."***

ഇങ്ങനെ പല സന്ദർഭങ്ങളിലും എഴുതപ്പെട്ട ഉടമസ്ഥയായ അമ്മമ അപമാനിക്കപ്പെടുന്നതും, ഭരിക്കപ്പെടുന്നതും കാണിക്കുന്നുണ്ട്.

അതുകൊണ്ട് തന്നെ മരുമക്കത്തായ സമ്പ്രദായം വിശേഷമാകുന്നത് അത് സ്ത്രീക്ക് കൊടുക്കുന്ന പ്രത്യേക അധികാരം കൊണ്ടോ സ്ഥാനംകൊണ്ടോ അല്ല, മറിച്ച് പിതൃദായക ക്രമത്തെ സംരക്ഷിക്കുന്ന ഒരു നേരിയ വ്യത്യസ്ഥത മാത്രം പുലർത്തുന്ന മറ്റൊരു ഭാവം ആണ് മാതൃദായാകക്രമം എന്നതിലാണ്. [3] തറവാട്ടിൽ അമ്മാവൻ അച്ഛനു പകരമാവുന്നു, പിതൃദായകക്രമത്തിൽ അച്ഛൻ ഭരിക്കുന്നു എങ്കിൽ മാതൃദായകക്രമത്തിൽ അമ്മാവൻ ഭരിക്കുന്നു. നോവലിൽ പല കഥാപാത്രങ്ങളും അവരുടെ അവസ്ഥയും വഴി നാലുകെട്ടിലെ അകത്തളങ്ങളിൽ തളംകെട്ടിനിൽക്കുന്ന പുരുഷമേധാവിത്വത്തിന്റെ ഇരുണ്ട ഭാവങ്ങൾ മറനീക്കി പുറത്തുവരുന്നു.

1889 ൽ പ്രസിദ്ധീകരിച്ച ഒ ചന്തുമേനോന്റെ 'ഇന്ദുലേഖ' എന്ന കൃതി നായർ സമുദായത്തിലെ സ്ത്രീയുടെ അവളുടെ ഇഷ്ടങ്ങളെ തിരഞ്ഞെടുക്കാനുള്ള സ്വാന്ത്ര്യത്തെകുറിച്ച് മരുമക്കത്തായ തറവാടിന്റെ പശ്ചാത്തലത്തിൽ ചർച്ച ചെയ്യുന്ന നോവൽ ആണ്. ആധുനികത കടന്നുവന്നപ്പോൾ സ്ത്രീയുടെ സ്ഥാനവും തറവാട്ടിൽനിന്നും അപ്രത്യക്ഷമാകുന്നു. [4] ഇത്തരത്തിൽ സമുദായത്തിൽ വന്ന പരിഷകാരങ്ങൾ മരുമക്കത്തായ സമ്പ്രദായത്തിൽ അതിഷ്ഠിമായ തറവാടിനും അതിലെ അധികാര കേന്ദ്രികരണത്തിനും കാരണമായി.

[3] അരുണിമ ജി., ദെർ കംസ് പാപ, ഓറിയന്റ് ലോങ്ങ്മാൻ പ്രൈവറ്റ് ലിമിറ്റഡ്, 2003, പുറം 13

[4] അരുണിമ ജി, മാട്രിലിനി ആൻഡ് ഇട്സ് ഡിസ്ക്കണ്ടെന്റ്സ്, ഇന്ത്യ ഇന്റർനാഷണൽ ക്വാട്ടേർളി, vol22, 1995, പുറങ്ങൾ 168-169

## തറവാടുകളുടെ അപജയവും പുരുഷധികാര കേന്ദ്രീകരണവും

തറവാടിന്റെ അവകാശിയായ അമ്മമ്മ അമ്മമ്മയുടെ മൂത്തജേഷ്ഠൻ, അതായതു വലിയമ്മാവൻ, അദ്ദേഹത്തിന്റെ അനിയന്മാരും അവരുടെ ഭാര്യയും മക്കളും, അമ്മമ്മയുടെ മക്കളും മക്കളുടെ മക്കളും ചേരുന്ന ഒരു വല്യ കൂട്ടുകുടുംബമാണ് നാലുകെട്ട്. കാരണവനായ അമ്മാവൻ തറവാട്ടിലെ സ്വത്തും സമ്പാദ്യവും അവരുടെ കൃഷിയും പറമ്പും , പൂവും പുല്ലും വരെ നോക്കി നടത്തുന്നു. വലിയമ്മാവന്റെ ഭാര്യയും മക്കളുമൊക്കെ അവരുടെ തറവാട്ടിലാണ് താമസിക്കുന്നത്.

***" ചോറും കൂട്ടാനും ഉപ്പേരിയും ഉണ്ടാക്കികഴിഞ്ഞു അവർ അടുക്കളയിൽ പലകയിട്ടിരിക്കും. എത്ര വൈകിയാലും ശരി, വല്യമ്മാമ ഉണ്ട ശേഷം മാത്രമേ കുട്ടികൾക്ക് കൂടി ഊണ് കഴിക്കാൻ നിവർത്തിയുള്ളു".[5]***

കർണവർക്കു തറവാട്ടിലുള്ള സ്ഥാനത്തേയും അധികാരത്തെയും സൂചിപ്പിക്കുന്ന വരികളാണ് ഇത്. എത്ര വൈകിയാലും കാരണവർ ഭക്ഷണം കഴിച്ച ശേഷമേ മറ്റുള്ളവർക്കു കഴിക്കാൻ പോലും അധികാരം ഉണ്ടായിരുന്നുള്ളൂ.

***"വലിയമ്മാമ ഊണ്കഴിഞ്ഞു പോയാൽ മാളുവിന്റെ അഛനും ചെറിയച്ഛനും ആൺകുട്ടികൾളും ഉണ്ണും. പിന്നെയാണ് പെണ്ണുങ്ങളുടെ ഊഴം".[6]***

---

[5] എം. ടി വാസുദേവൻ നായർ,Op. cit., പുറം 79

[6] Ibid., പുറം 80

കഥയിലെ ഇങ്ങനെ ചില സന്ദർഭങ്ങൾ തറവാട്ടിലെ അധികാര വിതരണത്തെ വ്യക്തമാക്കുന്നു. ഒരുതരത്തിൽ, അധികാര വിതരണം എന്ന് പറയുന്നതിലും അധികാര കേന്ദ്രീകരണം എന്ന് വിശേഷിപ്പിക്കുന്നതാവും ഉത്തമം. മാളുവിന്റെ അച്ഛ്നും വല്യമാവനും തമ്മിൽ അധികാരത്തിന്റെയും അടക്കിഭരണത്തിന്റെയും പേരിലാണ് വാക്കുതർക്കം ഉണ്ടാവുന്നത്.

***"അധികാരി നിക്കു പറയാനുള്ളതും കേൾക്കണം. നിക്കും വയസ്സൊക്കെ ഇത്തിര്യായി. പത്തുപതിനാലവയസുള്ള ഒരു പെണ്ണിന്റെ തന്തയാണ് ഞൻ. കോണുടത്തു നടക്കണ കാലത്ത് തൊടങ്ങിതാ ഞാൻ പണിപേറാൻ. ന്നിട്ടും നിക്കെന്തു തേങ്ങാക്കൊല്യാണ് കിട്ടിത്? കൊല്ലത്തിൽ നാല് മുണ്ടും അഞ്ചു പറ നിലോം!"***[7]

മാളുവിന്റെ അച്ഛനെ അതായ്തു കുട്ടമ്മവനെ ഇങ്ങനെ പറയാൻ പ്രേരിപ്പിച്ചത് ആധുനികതയുടെ കടന്നുകയറ്റം തന്നെയാണ്. രണ്ടുലക്ഷം ഏക്കർ സർക്കാർ ഭൂമി പാട്ടമായി കൈവശം വെച്ചിരുന്നവർക്ക് പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ച മാധവറാവുവിന്റെ 1865-ലെ വിളംബരം, തറവാടുകളെ നാശത്തിന് വേഗതക്കൂട്ടി. [8] എന്തായാലും, കൂട്ടുകുടുംബത്തിലെ പിരിമുറുക്കം വർധിച്ചതിന്റെ ഫലമായി 1880-കളിൽ ഭാഗം ചെയ്യുന്നതിനുവേണ്ടിയുള്ള കേസുകൾ വീണ്ടും വർധിച്ചു. ഇത്തരം കേസുകൾ സമൂഹവും വക്കിലന്മാരും ആഘോഷമാക്കിയിരുന്നു.

---

[7] എം. ടി വാസുദേവൻ നായർ, Op. cit.,പുറം 140
[8] റോബിൻ ജെഫിറി,Op. cit., പുറം 176-177

ഭാഗം വയ്ക്കുമ്പോൾ സ്വത്തുക്കൾ നോക്കി നടത്തിയിരുന്ന കാരണവർക്ക് രണ്ടു ഭാഗത്തിന് അവകാശം ഉണ്ട്.[9] ഉടമസ്ഥയാണെങ്കിലും സ്ത്രീ ഇതിൽ നിന്നും ഒക്കെ തന്നെ മാറ്റിനിറുത്തപെടുന്നു. പുരുഷൻ നിർമിക്കുന്ന ചുവരുകളിൽ അവളുടെ അധികാരവും സ്വാതന്ത്ര്യവും നിയന്ത്രിക്കപെടുന്നു.ഒളിഞ്ഞും തെളിഞ്ഞും അവൻ അവളെ ഭരിക്കുന്നു.

ഈ മാറ്റങ്ങളെ ഒക്കെയും യഥാസ്ഥിതികരായ സമൂഹം ആധുനികതയുടെ കടന്നുകയറ്റമായും വെറും 'പരിഷ്കാരമായും' മാത്രം കണ്ടു. ആചാരങ്ങളെ നിലനിറുത്താൻ അവർ പാരമ്പര്യത്തെ ആയുധമാക്കി. തറവാടുകളുടെ പതനം അണുകുടുംബത്തിനും അധികാരവികേന്ദ്രികരണത്തിനിനും കാരണമാവും എന്നവർക്കറിയാമായിരുന്നു.1933 ലെ മദ്രാസ് മരുമക്കത്തായ നിയമം പ്രധാനമായും മൂന്ന് കാര്യങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്, ഒന്ന് – മരുമക്കത്തായ സമ്പ്രദായം നിരോധിക്കുന്നു, രണ്ടു -സംബന്ധം നിയമവിധേയമാക്കുന്നു, മൂന്ന് – താറാവാട് ഭാഗം വയ്ക്കുന്നതിനും പിരിഞ്ഞുപോകുന്നതിനും അനുവദിക്കുന്നു.[10] സമുദായത്തിനെ മുന്നോട്ടു നയിക്കണം എന്നാഗ്രഹിക്കുന്ന വിഭാഗത്തിന് തറവാടിന്റെ പതനത്തോടെ മാത്രമാണ് അത് സാധ്യമാകുക എന്ന് തിരിച്ചറിഞ്ഞിരുന്നു. [11] ഇത്തരം ഒരു സമൂഹത്തിന്റെ നേർ ചിത്രമാണ് നാലുകെട്ടിൽ പ്രതിഭലിക്കുന്നത്. വിദ്യാഭ്യാസത്തിന്റെ അവശ്യകതയും കഥ വ്യക്തമാക്കുന്നു. എല്ലാവരിൽ നിന്നും എല്ലാത്തിൽ നിന്നും

---

[9] മൂത്തേടത്തു മായാദേവി, വുമൺ ആൻഡ് മാര്യേജ് ഇൻ മരുമക്കത്തായം, ഇന്റർനാഷണൽ റിസർച്ച് ജേർനൽ ഓഫ് സോഷ്യൽ സയൻസ്, vol4, 2015, പുറം 4

[10] മൂത്തേടത്തു മായാദേവി, Op. cit.,പുറം 4

[11] ദൈർ കമ്സ് പാപ,Op. cit., പുറം 181

ഒഴിഞ്ഞുമാറി നടക്കുന്ന അപ്പുണ്ണി വിദ്യാഭ്യാസം മാത്രമാണ് അവനു ഈ ശപിക്കപ്പെട്ട നാലുച്ചുവരുകളിൽ നിന്നും മോചനം നേടിത്തരുയെന്നു അവൻ തിരിച്ചറിഞ്ഞിരുന്നു. ആധുനികതയുടെ സന്തനമാണ് വിദ്യാഭ്യാസം, വിദ്യഭ്യാസം മാത്രമാണ് നവീകരണതിനുള്ള മാർഗം. കഥയുടെ ഒടുവിൽ നല്ല വിദ്യഭ്യാസം വഴി നല്ല ജോലി വാങ്ങിയെടുത്തു അപ്പുണ്ണി നാട്ടിലേക്കു തിരിച്ചുവരുമ്പോൾ എല്ലാം മാറിയിരുന്നു. പൂട്ടികിടക്കുന്ന തറവാടും, ഉപേക്ഷിക്കപ്പെട്ടനിലയിൽ അമ്മമ്മയും മീനാക്ഷിയേടത്തിയും ഒരു ചെറിയ ചായ്പ്പിൽ ജീവിക്കുന്നു. ആധുനികതയുടെ വിത്തായ അപ്പുണിയുടെ മുന്നിൽ വല്യമ്മാവനും കുറ്റമ്മാവനും തലകുനിക്കപെടുന്നു. അവസാനം അവൻ അവന്റെ അമ്മയെ ഇറക്കിവിട്ട ആ നാലുകെട്ട് സ്വന്തമായി വിൽക്കുവാങ്ങുന്നു.അമ്മയോടൊപ്പം കല്പടവുകൾ കയറുമ്പോൾ അമ്മയുടെ നെഞ്ചിലെ മിടിപ്പിന്റെ വേദന കൂടുന്നത് അവൻ അറിയുന്നുണ്ടായിരുന്നു . അവൻ അമ്മയോട് ഇങ്ങനെ പറഞ്ഞു...

***"അമ്മ പേടിക്കണ്ട. ഈ നാലുകെട്ടു പൊളിക്കാൻ ഏർപ്പാട് ചെയ്യണം. ഇവടെ കാറ്റും വെളിച്ചവും കടക്കുന്ന ഒരു ചെറിയ വീട് മതി".***[12]

നാലുകെട്ടിൽ നിന്നും അണുകുടുംബത്തിലേക്കുള്ള ഒരഹ്വാനമാണ് കഥയുടെ ഒടുവിൽ എം. ടി വാസുദേവൻ നായർ നടത്തുന്നത്. ആധുനികതയും പാരമ്പര്യവും തമ്മിൽ നടക്കുന്ന

---

[12] എം. ടി വാസുദേവൻ നായർ, Op. cit.,പുറം 202

സംഘർത്തിന്റെ പ്രതിഭലനമാണ് ഇവിടെ കഥാകരൻ വായനക്കാരിൽ എത്തിക്കുന്നത്.

## ഉപസംഹാരം

മരുമക്കത്തായ സമ്പ്രദായത്തിൽ സ്ത്രീക്ക് ഒരു സ്ഥാനം ഉണ്ട് എന്നത് യഥാർദ്യമാണ്  പക്ഷെ അങ്ങനെ ഒരു സ്ഥാനം പോലും പുരുഷന് ഉപയോഗ്യമാകും വിധം വളച്ചൊടിക്കുന്നത് പുരുഷ കേന്ദ്രീകൃത സമൂഹത്തിന്റെ സവിശേഷതയാണ്.മരുമക്കത്തായ ക്രമം ഇന്ത്യക്ക് അപരിചിതമാണെകിൽ കൂടെ കേരളത്തിൽ ആ ക്രമത്തിൽ അധിഷ്ഠിതമായ ഒരുപാടു സമുദായങ്ങൾ പത്തൊമ്പത്തു ഇരുപത് കാലഘട്ടം വരെ ജീവിച്ചിരുന്നു എന്നത് സത്യമാണ്. അവരിൽത്തന്നെ മേധാവിത്വ ജാതിപട്ടികയിലുള്ള നായർ സമുദായത്തിന്റെ വിവാഹവും സ്ത്രീയുടെ ജീവിതവും തറവാടും എല്ലാം മരുമക്കത്തായ സമ്പ്രദായത്തിൽ വേരൂന്നിയുള്ളതാണ്. പത്തൊമ്പതാം കാലഘട്ടം മുതൽ ഇതിൽ അയവു സംഭവിച്ചുവെങ്കിൽ കൂടി, നിയമങ്ങൾക്കോ നിയന്ത്രണങ്ങളിക്കോ അപ്പുറമായിരുന്നു സമുദായത്തിനുള്ളിലെ ഇതിന്റെ ആഴം.

എം. ടി വാസുദേവൻ നായരുടെ പ്രധാന കൃതികളായ കാലം, അസുരവിത്ത്, നാലുകെട്ട് തുടങ്ങിയവയെല്ലാം വർണിക്കുന്നത് കൂട്ടുകുടുംബവ്യവസ്ഥിതിയുടെ തകർച്ചയും മരുമക്കത്തായ സമ്പ്രദായത്തിന്റെ ഇരുണ്ട മുഖവുമാണ്. ' നാലുകെട്ടിന്റെ'  പ്രത്യേകത സമൂഹത്തിൽ  പൂർവാധുനിക കാലഘട്ടത്തിൽ അനുഭവിച്ചിരുന്ന ആധുനികതയുടെ കടന്നുകയറ്റവും പാരമ്പര്യവുമായുള്ള സംഘർഷവും കഥ അതിന്റെ യാഥാർധ്യതയോടെ അവതരിപ്പിക്കുന്നു എന്നതാണ്. അന്നത്തെ, അധികമാരും ശ്രദ്ധിക്കപ്പെടാത്തതോ അല്ലെങ്കിൽ

പുറത്തുവരാത്തതോ ആയ സത്യത്തിന്റെ പ്രതിഫലനമാണ് ഈ നോവൽ. സമൂഹത്തിൽ സംഭവിക്കുന്ന മാറ്റങ്ങൾക്ക് സാമാന്തരമായി അപ്പുണിയുടെ ജീവിതത്തിലും കുറെ ഏറെ സംഭവിക്കാസങ്ങൾ നടക്കുന്നു. യഥാസ്ഥിതികമായ സമൂഹവും ആധുനികതയുടെ വെളിച്ചം തട്ടിയ സമൂഹവും തമ്മിൽ നടക്കുന്ന സംഘർഷമാണ് പത്തൊമ്പത്തു ഇരുപത് കാലഘട്ടത്തിന്റെ സവിശേഷത.

അതുപോലെ തന്നെ, ഇന്നത്തെ സമൂഹത്തിൽ പോലും, മരുമക്കത്തായം എന്ന സമ്പ്രദായം സ്ത്രീക്ക് വിശേഷപ്പെട്ട സ്ഥാനം കൊടുക്കുന്നു എന്നും അവളെ അവകാശിയായി കണക്കാക്കുന്നു എന്നും വിശ്വസിക്കുന്ന വിഭാഗം ചെറുതല്ല. പക്ഷെ സത്യം ഇന്നും സമൂഹത്തിൽ നിന്നും അന്യമാണ്. 'നാലുകെട്ട്' ഈ സത്യത്തെ തേടിയുള്ള അന്വേഷണമാണ്. തറവാട്ടിൽ സ്ത്രീ ആരാണെന്നും അവൾ എന്താണെന്നും അവൾക്കു അവിടെ ലഭിക്കുന്ന അധികാരത്തിന്റെ സ്വഭാവം എന്താണെന്നും ഈ വിശകലനത്തിലൂടെ മനസിലാക്കാൻ സാധിക്കും. ഇത് നാലുകെട്ടിനെ കുറിച്ചുള്ള പഠനമല്ല മറിച്ച്, നാലുകെട്ടിൽ ചിത്രീകരിക്കുന്ന സ്ത്രീയും അവളുടെ ആ കരാഗ്രഹത്തിലെ ജീവിതവും അതുപോലെ തന്നെ അധികാരവും സ്ഥാനവും തമ്മിലുള്ള വിരോധാപാഭാസമാണ് ഇവിടെ വിശകലനം ചെയ്യുന്നത്. 1933 ൽ മരുമക്കത്തായ ക്രമം ബ്രിട്ടീഷ് ഭരണകർത്താക്കൾ നിരോധിക്കുകയുണ്ടായി. എങ്കിൽകൂടി, മിക്ക തറവാട്ടുകളും മനഃപൂർവമോ അല്ലാതെയോ മരുമക്കത്തായം നിലനിറുത്തിപ്പൊന്നു. ഉടമസ്ഥയായ സ്ത്രീ സ്വത്തും താറാവ്ടും നോക്കി നടത്താൻ ഒരു പുരുഷനെ അന്വേഷിക്കുന്നത് തികച്ചും അതിശയകരമാണ്. പക്ഷെ ഇത് ഒരു

സത്യമാണ്. അപ്പോൾ മരുമക്കാത്തയാവും പിതൃദായക ക്രമവും തമ്മിൽ സത്യത്തിൽ എന്ത് വ്യത്യാസമാണ്. വിശകലനം വഴി നമ്മുക്ക് മനസിലാക്കാൻ സാധിക്കുന്നത്, മരുമക്കത്തായക്രമം യഥാർഥ്യത്തിൽ പിതൃദായക്രമത്തിന്റെ മറ്റൊരു ഭാവമാണ്, പിതൃദായകക്രമത്തിന്റെ അതെ താല്പര്യങ്ങൾ സംരക്ഷിക്കാൻ രൂപപ്പെടുത്തിയ മറ്റൊരു രൂപം മാത്രമാണ് മാതൃദായകക്രമം അഥവാ മരുമക്കത്തായം. അവിടെ അച്ഛൻ കുടുംബം ഭരിക്കുന്നു എങ്കിൽ, ഇവിടെ അമ്മാവൻ ഭരിക്കുന്നു. അച്ഛന്റെ സ്ഥാനം അമ്മാവനെ പകരം വച്ച് പൂർത്തിയാക്കുന്നു. ശ്രദ്ധിക്കപ്പെടേണ്ട സത്യം സ്ത്രീയുടെ സ്ഥാനം മാറ്റമില്ലാതെ തുടരുന്നു, അവൾ എന്നും പുരുഷനാൽ നിർമിതമായ നിയന്ത്രണവലയത്തിനുള്ളിൽ, സംരക്ഷണവലയത്തിനുള്ളിൽ ജീവിതം തീർക്കുന്നു. ഒരു നല്ല മകളായി, ഭാര്യയായി, അമ്മയായി, അമ്മമ്മയായി, ജീവിക്കാൻ അവൾ നിയോഗിക്കപെടുന്നു, അതിനു വേണ്ടിയുള്ള ഗുണങ്ങൾ പാരമ്പര്യം വഴിയും സാഹിത്യ രചനകൾ വഴിയും വിവിധ രൂപത്തിൽ അവളിലേക്ക് ചേർക്കപെടുന്നു.

യഥാർഥ്യമിതാണ്, മാതൃദായാക ക്രമമാണെങ്കിലും പിതൃദായക്രമം ആണെങ്കിലും, ഒരു പക്ഷെ മറഞ്ഞും അല്ലെങ്കിൽ തെളിഞ്ഞും അവളെ ഭരിക്കാൻ ഒരു രൂപത്തിൽ അല്ലെങ്കിൽ മറ്റൊരു രൂപത്തിൽ പുരുഷൻ എന്നും ഉണ്ടാവും.